05
2025
ജനുവരി
ശനി
ധനു 21

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.44 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-44 | പേജ് 4. വില 2.00 രൂപ




02 ന്യൂമാഹി ഇരട്ടക്കൊല: കൊടി സുനിയും ഷാഫിയും പ്രതികൾ

03 സൈനിക വാഹനം കൊക്കയിലേക്ക് മറിഞ്ഞു: മരണം നാലായി

04 സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരിതെളിഞ്ഞു

# മുനമ്പം റിപ്പോർട്ട് അടുത്തമാസം: ആശങ്ക വേണ്ടെന്ന് ജുഡീഷ്യൽ കമീഷൻ

മുനമ്പം> മുനമ്പം വിഷയത്തിൽ ആശങ്ക വേണ്ടെന്നും ഫെബ്രുവരിയിൽ റിപ്പോർട്ട് സമർപ്പിക്കുമെന്നും സംസ്ഥാന സർക്കാർ നിയോഗിച്ച ജുഡീഷ്യൽ കമീഷൻ ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായർ പറഞ്ഞു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. ദീർഘകാല തർക്കങ്ങൾക്ക് ഇടയാക്കാതെ പ്രശ്നം പരിഹരിക്കാനാണ് സംസ്ഥാന സർക്കാർ കമീഷനെ നിയോഗിച്ചത്. മുനമ്പത്തെ സമരപ്പന്തലിലുള്ള വരുടെയും പ്രദേശവാസികളുടെയും ആശങ്കകളും പരാതികളും കേട്ടശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുനമ്പത്തുള്ളവരുടെ ദുരവസ്ഥ ഇവിടം സന്ദർശിച്ചപ്പോൾ ബോധ്യപ്പെട്ടു. അവരുടെ പ്രശ്നങ്ങളും മനസ്സിലായി. മാനുഷികപരിഗണന നൽകിയുള്ള അഭിപ്രായങ്ങൾ സർക്കാരിനെ അറിയിക്കും. പത്തിന് കലക്ടറേറ്റിൽ ഹിയറിങ് ആരംഭിക്കും. മുനമ്പം നിവാസികളെയും വഖഫ് ബോർഡിനെയും ഫാറൂഖ് കോളേജിനെയും ഉൾപ്പെടെ എല്ലാവരെയും കേൾക്കും. വസ്തു പണം കൊടുത്തുവാങ്ങിയവർക്ക് അവകാശം കിട്ടുന്നുണ്ടോയെന്നത് പ്രധാനമാണ്. അത് പരിഗണിക്കും. മുനമ്പത്തുള്ളവരുടെ അവകാശങ്ങൾ നഷ്ടമായിട്ടില്ല. തൽക്കാലം കരം വാങ്ങേണ്ടെന്നുമാത്രമാണ് കോടതി പറഞ്ഞത്. വഖഫ് ഭൂമിയാണെന്ന് പറഞ്ഞിട്ടില്ലെന്നും സി എൻ രാമചന്ദ്രൻ നായർ പറഞ്ഞു.

## പെൻഷൻ തട്ടിപ്പിൽ നടപടി; പൊതുമരാമത്ത് വകുപ്പിലെ 31 ജീവനക്കാർക്ക് സസ്പെൻഷൻ

തിരുവനന്തപുരം: അനധികൃതമായി പെൻഷൻ കൈപ്പറ്റിയ 31 സർക്കാർ ജീവനക്കാർക്കെതിരേ നടപടി. പെൻഷൻ തട്ടിപ്പ് നടത്തിയ പൊതുമരാമത്ത് വകുപ്പിലെ 31 ജീവനക്കാരെ സസ്പെൻറ് ചെയ്തു.

ഇവർ കൈപ്പറ്റിയ തുക 18 ശതമാനം പലിശ സഹിതം തിരിച്ചുപിടിക്കും. 47 പേരാണ് പൊതുമരാമത്ത് വകുപ്പിൽ അനധികൃതമായി പെൻഷൻ കൈപ്പറ്റിയതായി കണ്ടെത്തിയത്.

അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക പലിശ അടക്കം തിരിച്ചുപിടിക്കാനാണ് ധനവകുപ്പ് നൽകിയിരിക്കുന്ന നിർദേശം. കർശന അച്ചടക്ക നടപടി സ്വീകരിക്കാനും മന്ത്രി കെ.എൻ. ബാലഗോപാൽ നിർദേശം നൽകിയിട്ടുണ്ട്.

സർക്കാർ ജീവനക്കാരാണ് ക്ഷേമ പെൻഷൻ തട്ടിപ്പ് നടത്തിയിരിക്കുന്നത്. ധനവകുപ്പിന്റെ നിർദേശപ്രകാരം ഇൻഫർമേഷൻ കേരള മിഷൻ നടത്തിയ പരിശോധനയിൽ 1,458 സർക്കാർ ജീവനക്കാർ ക്ഷേമപെൻഷൻ കൈപ്പറ്റുന്നതായി കണ്ടെത്തി.

ഗസറ്റഡ് ഉദ്യോഗസ്ഥർ അടക്കമാണ് പെൻഷൻ കൈപ്പറ്റുന്നത്. കോളജ് അസിസ്റ്റൻഡ് പ്രഫസർമാരും ഹയർ സെക്കൻഡറി അധ്യാപകർ ഉൾപ്പെടെ ക്ഷേമ പെൻഷൻ വാങ്ങുന്നുണ്ടെന്നാണ് കണ്ടെത്തൽ.

ആരോഗ്യവകുപ്പിലാണ് കൂടുതൽ പേർ ക്ഷേമ പെൻഷൻ വാങ്ങുന്നത്. 373 പേർ. പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും 224 പേരും ക്ഷേമപെൻഷൻ കൈപ്പറ്റുന്നുണ്ട്. മെഡിക്കൽ എഡ്യുക്കേഷൻ വകുപ്പിൽ 124 പേരും, ആയുർവേദ വകുപ്പിൽ 114 പേരും, മൃഗസംരണക്ഷ വകുപ്പിൽ 74 പേരും, പൊതു മരാമത്ത് വകുപ്പിൽ 47 പേരും ക്ഷേമ പെൻഷൻ വാങ്ങുന്ന സർക്കാർ ജീവനക്കാരാണ്.

## ശക്തികുളങ്ങര തീരത്തെ ഉണർത്തുവാൻ ജെറിഅമൽദേവിന്റെ സംഗീതം

**യേശുദാസ് വില്യം**

സംഗീതം ഒരു മരുന്നാണ്.ആശ്വാസം പകരുന്ന വേദന സംഹാരിയായും,ചിലപ്പോൾ ലഹരിയായും,പ്രണയമായും അതു മനസ്സുകളിൽ പടർന്നു കയറും.ഇവിടെ ക്രിസ്തീയ സംഗീതത്തിന്റെ അലയൊലികൾ പതുക്കെ ശക്തികുളങ്ങര തീരഗ്രാമത്തിന്റെ മനസ്സുകളിലേക്ക് ഒഴുകിയെത്തുന്നു.പ്രശസ്ത സംഗീതസംവിധായകൻ ജെറി അമൽദേവാണ് ഈ തീരഗ്രാമത്തെ സംഗീതത്തിന്റെ മായികലോകത്തേക്കു പ്രതിഭകളെ തൊട്ടുണർത്തുന്നത്.കേരളത്തിൽ തന്നെ സംഗീത മേഖലയിൽ അപൂർവ്വമായ ഒരു ശ്രമമാണ് കൊല്ലം ലത്തീൻ രൂപതയിലെ ഏറ്റവും പ്രമുഖ ഇടവകയായ ശക്തികുളങ്ങരയിൽ തുടക്കമിട്ടത്.ആധുനീക മൽസ്യബന്ധനത്തിന്റെ രാജ്യത്തെ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ശക്തികുളങ്ങര തീരത്തെ തിരക്കുപിടിച്ച ജീവിത പാച്ചിലിനിടയിലേക്കാണ് അപ്രതീക്ഷിതമായി സംഗീതം കയറിവന്നത്.തീരത്തെ ത്രസിപ്പിക്കുന്ന യുവത്വത്തിന്റെ കാൽപന്തുകളിയും,കൂട്ടയ്മകളും,പുതിയകാലത്തു പലതിനും വഴിമാറി. ജംഗ്ഫുഡും, നിരത്തിൽ ചീറിപ്പായുന്ന വണ്ടിയോട്ടങ്ങളും ഹരം കൊള്ളിക്കുന്നകാലത്തിലേക്കാണ് പാട്ടുകൾക്കായുള്ള ബാൻഡും,പള്ളിപ്പാട്ടുകൾക്കായുള്ള ക്വയറും സീരിയസ്സായി കടന്നു വന്നത്.

വന്നതു നിസ്സാരക്കാരനല്ല.ഇന്ത്യയിലും,വിദേശത്തും സംഗീതത്തിൽ വ്യക്തി മുദ്ര പതിപ്പിച്ച കംപോസർ ജെറി അമൽദേവ്.തുറന്നമനസ്സോടെ ജെറി അമൽദേവ് തീരത്തോടു പറഞ്ഞു.ഇഷ്ടമുള്ള ആർക്കും സംഗീത പരിശീലനത്തിൽ പങ്കെടുക്കാം പ്രായം ഒരു തടസ്സമാവില്ല. അതു ഫലിച്ചു.വിരമിച്ച പ്രൊഫഷണൽസും,മൽസ്യത്തൊഴിലാളികളും,കൗമാരക്കാരും,പള്ളിയലെ സ്ഥിരം പാട്ടുകാരുമൊക്കെ ഗുരുവിന്റെ മുൻപിലെന്നപോലെ വന്നു ചേർന്നു.മൂന്നുമാസത്തെ നിരന്തര പരിശീലനം മികച്ചൊരു ഗായകസംഘത്തെ രൂപപ്പെടുത്തി.പുതുവൽസരത്തിന്റെ സന്ധ്യയിൽ തിരുവൾത്താരക്കുമുന്നിൽ ക്രസ്തീയഗനങ്ങളുടെ കുളിർമഴ പെയ്തു.ഒരു ആശയം സഫലമായ സംതൃപ്തി ഇതിന്റെ പിന്നിലെ ശക്തിസ്രോതസ്സായ സമരിറ്റൻ കൂട്ടായ്മക്കുണ്ട്. ശക്തികുളങ്ങരയിലെ മുതിർന്ന മാധ്യമ പ്രവർത്തകനായ ജോൺമേരിയും അവരുൾപ്പെടുന്ന പോയതലമുറയിലെ ഒരു സംഘവുമാണ് ഈ ആശയത്തിനു പിന്നിലുള്ളത്. ഇത്തരം ഒരാശയം കേരളത്തിലെ ക്രിസ്ത്യൻ രുപതാതലത്തിൽ പോലും പകർത്തുവാൻ പറ്റുന്നതാണെന്നു ജെറി അമൽദേവ് പറഞ്ഞു.പള്ളികളിലെ കൂദാശകളിൽ സംഗീതത്തിനും പാട്ടുകൾക്കും ഗൗരവവും,പരിപാവനവുമായ ഒരു തലമുണ്ട്.അങ്ങിനെ തന്നെ ഗൗരവത്തോടു കൂടിത്തന്നെയാവണം അതിനെ സമീപിക്കേണ്ടതന്നു ജെറി അമൽദേവ് പറഞ്ഞു.



എഴുപതുകളുടെ മധ്യത്തിൽ ശക്തികുളങ്ങരയിലെ യുവത്വം സാമൂഹികമായി വിവിധ മേഖലകളിൽ അഭിരമിച്ചിരുന്നു.യുവത്വത്തിനെ ക്രസ്ത്യൻ മൂല്യങ്ങളിലുറച്ചു കൊണ്ടു നേതൃത്വപരമായി മുന്നേറുവാൻ പ്രാപ്തമാക്കുന്ന ചില ശ്രമങ്ങൾ അന്നു നടന്നിരുന്നു.ഐക്കഫ്,കാരൾ സംഘങ്ങൾ,തുടങ്ങി സാമൂഹിക പ്രതിബദ്ധതയും,മൂല്യങ്ങളും പകർന്നു നൽകുന്ന ശ്രമങ്ങൾ.അവർ ശരിക്കു വേണ്ടി സ്നേഹപൂർവ്വം കലഹിക്കുകയും,സമരസപ്പെടുകയും ചെയ്തിരുന്നു. ആ തലമുറയിലെ പ്രതിനിധികളാണ് ജീവിതത്തിന്റെ വിശ്രമ നാളുകളിൽ പുതുതലമുറക്കായി സംഗീതത്തിലൂടെ സമൂഹത്തിലേക്കു ചാലു വെട്ടുന്നത്. ഇവരുടെ മനസ്സിൽ യുവതലമുറ കുറച്ചു നേരമെങ്കിലും സംഗീതത്തിനും ഇതുപോലെയുള്ള കാര്യങ്ങൾക്കും മനസ്സു കൊടുക്കണം എന്നാണ്.ജോൺമേരി,ബൈജൂ ബഞ്ചമിൻ,സ്റ്റീൻ ഏലിയാസ്,നീക്ലോസ് മൈക്കിൾ,പോൾ ബെയ്സിൽ,ജോയി ഐഏപി. തോമസ് ബന്നൻസ്,റാഫേൽസാർ തുടങ്ങിയവരൊക്കെ ആഗ്രഹിക്കുന്നത്. പുതു തലമുറയുടെ വിറളിപിടിച്ച ഓട്ടത്തിനിടയിൽ കുറച്ചു നേരം നിറയുന്ന ക്രിസ്തീയ സംഗീതത്തിന്റെ ലഹരിയിലേക്കുള്ള 'ഫോക്കസ് ഷിഫ്റ്റാ'ണ് സമരിറ്റൻ കൂട്ടായ്മ ലക്ഷ്യം വെയ്ക്കുന്നത്.

## പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം

മേപ്പാടി ഗ്രാമപഞ്ചായത്തിലെ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമറ്റം വാർഡുകളിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. 100ൽ താഴെ വീടുകൾ സ്പോൺസർ ചെയ്തവരുടെ യോഗമാണ് ചേർന്നത്. സ്പോൺസർഷിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളിച്ച് വെബ്പോർട്ടൽ തയ്യാറാക്കും. നിലവിലുള്ള സ്പോൺസർമാരുടെ വിവരങ്ങളും ഭാവി സ്പോൺസർമാർക്കുള്ള ഓപ്ഷനുകളും അതിൽ ലഭ്യമാക്കും. ഓരോ സ്പോൺസർക്കും സവിശേഷമായ സ്പോൺസർ ഐഡി നൽകും. ഓൺലൈൻ പെയ്മെൻറ് ഓപ്ഷനും ഉണ്ടാകും.

സ്പോൺസർമാർക്ക് സർട്ടിഫിക്കറ്റും മറ്റ് അംഗീകാരങ്ങളും നൽകും. മുഖ്യമന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും ഉള്ള അവലോകനവും ഉണ്ടാകും. ഡിഡിഎംഎ, സ്പോൺസർ, കോൺട്രാക്ടർ എന്നിവർ തമ്മിലുള്ള ത്രികക്ഷി കരാർ ഉണ്ടാകും. കരാറിന്റെ നിർവഹണം പിഐയു ഏകോപിപ്പിക്കും.

നിർമ്മാണ പ്രക്രിയകളുടെ ഉപാധികളും നിബന്ധനകളും സമയക്രമങ്ങളും പാലിക്കുന്നു എന്ന് ഉറപ്പാക്കും. ഒരുമിച്ച് ഒറ്റക്കെട്ടായി നീങ്ങി പുനരധിവാസം പൂർത്തിയാക്കുമെന്നും അതിനുള്ള പിന്തുണയ്ക്ക് നന്ദി അറിയിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി കെ എം എബ്രഹാം, റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ലാൻറ് റവന്യു ജോയിൻറ് കമ്മീഷണർ എ ഗീത, മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എസ് കാർത്തികേയൻ തുടങ്ങിയവരും പങ്കെടുത്തു.

## ഉമ തോമസ് എംഎൽഎയ്ക്ക് പരിക്കേറ്റ സംഭവം; മൃദംഗ വിഷൻ എംഡി നിഗോഷ് കുമാറിന് ഇടക്കാല ജാമ്യം

കൊച്ചി: കലൂർ സ്റ്റേഡിയത്തിൽ വീണ് ഉമ തോമസ് എംഎൽഎയ്ക്ക് പരിക്കേറ്റ സംഭവത്തിൽ അറസ്റ്റിലായ മൃദംഗ വിഷൻ എംഡി നിഗോഷ് കുമാറിന് ഇടക്കാല ജാമ്യം അനുവദിച്ചു. ചൊവ്വാഴ്ച വരെയാണ് ഇടക്കാല ജാമ്യം അനുവദിച്ചത്. എറണാകുളം ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയാണ് ഇടക്കാല ജാമ്യം അനുവദിച്ചത്.

നിഗോഷിന്റെ ജാമ്യാപേക്ഷയിൽ ഉത്തരവ് ചൊവ്വാഴ്ചയുണ്ടാകും. അതേസമയം താത്കാലികമായ സ്റ്റേജ് നിർമിച്ചത് അശാസ്ത്രീയമായാണെന്ന് നിഗോഷിന്റെ റിമാൻറ് റിപ്പോർട്ടിൽ പറയുന്നു. സിമൻറ് കട്ടകളിൽ ഉറപ്പിച്ച സ്റ്റേജിന് കുലുക്കമുണ്ടായിരുന്നുവെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. മൃദംഗ വിഷൻ എംഡി നിഗോഷ് കുമാറിനെ ഇന്നലെയാണ് പോലീസ് അറസ്റ്റുചെയ്തത്. നിഗോഷ് ഇന്നലെ പോലീസ് സ്റ്റേഷനിൽ എത്തി കീഴടങ്ങിയിരുന്നു. തുടർന്ന് ഏഴ് മണിക്കൂർ നീണ്ട ചോദ്യംചെയ്യലിനു ശേഷമാണ് ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയത്. പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ ആണ് നിഗോഷ് കീഴടങ്ങിയത്. കഴിഞ്ഞ ദിവസം ഹൈക്കോടതിയും ഇയാളോട് കീഴടങ്ങാൻ നിർദേശിച്ചിരുന്നു.

അതിനിടെ മെഗാ ഭരതനാട്യം നടത്തിപ്പുമായി ബന്ധപ്പെട്ട കേസിൽ ചോദ്യം ചെയ്യാൻ പോലീസ് നോട്ടീസ് നൽകുമെന്ന സൂചനകൾക്കിടെ നടി ദിവ്യ ഉണ്ണി അമേരിക്കയിലേക്ക് മടങ്ങി. ബുധനാഴ്ച കൊച്ചി വിമാനത്താവളം വഴിയാണ് ദിവ്യ ഉണ്ണി അമേരിക്കയിലേക്ക് മടങ്ങിയത്.

## ജീവൻ സംരക്ഷിക്കാൻ പ്രതിബദ്ധരാകണമെന്നു മാർപാപ്പ

വത്തിക്കാൻ സിറ്റി: ഗർഭച്ഛിദ്രത്തെ എതിർക്കാനും ഗർഭധാരണം മുതൽ സ്വാഭാവിക മരണം വരെ ജീവനെ സംരക്ഷിക്കാനും ബഹുമാനിക്കാനും ഉറച്ച പ്രതിബദ്ധത ആവശ്യപ്പെട്ട് ഫ്രാൻസിസ് മാർപാപ്പ.

പുതുവർഷ ദിനത്തിൽ വത്തിക്കാനിലെ സെൻറ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധ കുർബാനയ്ക്കുശേഷം ചത്വരത്തിൽ തടിച്ചുകൂടിയ വിശ്വാസികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വധശിക്ഷ ഒഴിവാക്കി മനുഷ്യന്റെ മാനസാന്തരത്തിനുള്ള അവസരങ്ങൾ കൂടുതലായി ഒരുക്കണമെന്നും മാർപാപ്പ ആവശ്യപ്പെട്ടു.

നേരത്തെ വിശുദ്ധ കുർബാനമധ്യേ നൽകിയ വചനസന്ദേശത്തിൽ ഒരു സ്ത്രീയിൽനിന്നു ജനിക്കുന്ന ഓരോ കുഞ്ഞിനെയും പരിപാലിക്കാനും ജീവന്റെ വിലയേറിയ സമ്മാനം സംരക്ഷിക്കാനും എല്ലാവരും പഠിക്കണമെന്ന് പ്രാർഥിക്കുന്നതായി മാർപാപ്പ പറഞ്ഞു.

പുതുവർഷദിനത്തിൽ ത്രിസന്ധ്യാപ്രാർഥനയ്ക്കുശേഷം വിശ്വാസികളെ അഭിസംബോധന ചെയ്യവേ ദരിദ്രരാജ്യങ്ങളുടെ കടങ്ങൾ എഴുതിത്തള്ളാൻ സന്പന്നരാജ്യങ്ങൾ തയാറാകണമെന്ന് മാർപാപ്പ അഭ്യർഥിച്ചു.

കടങ്ങൾ മൂലം കുടുംബമോ വ്യക്തികളോ തകർക്കപ്പെടാൻ ഇടവരരുത്. പാവപ്പെട്ട രാജ്യങ്ങളുടെ കടങ്ങൾ എഴുതിത്തള്ളി മാതൃക കാട്ടാൻ ക്രിസ്ത്യൻ പാരന്പര്യമുള്ള രാജ്യങ്ങൾ തയാറാകണമെന്നും മാർപാപ്പ ആവശ്യപ്പെട്ടു.






മുഖ്യമന്ത്രി പിണറായി വിജയൻ വനം ആസ്ഥാനത്ത് ഫോറസ്റ്റ് മെഡൽ വിതരണം ചെയ്യുന്നു

# ന്യൂമാഹി ഇരട്ടക്കൊല: വിചാരണ 22 മുതൽ, ടി.പി. വധക്കേസിലെ കൊടി സുനിയും ഷാഫിയും പ്രതികൾ

തലശേരി: ബിജെപി ആർഎസ്എസ് പ്രവർത്തകരായ ഈസ്റ്റ് പള്ളൂരിലെ മടോൻ പുറൽകണ്ടി വിജിത്ത് (25), കുറുന്തോടത്ത് ഷിനോജ് (32) എന്നിവരെ ബോംബെറിഞ്ഞും വെട്ടിയും കൊലപ്പെടുത്തിയ കേസിന്റെ വിചാരണ 22 മുതൽ ഫെബ്രുവരി ഒന്നുവരെ അഡീഷണൽ സെഷൻസ് ഫസ്റ്റ് ട്രാക്ക് (മൂന്ന്) ജഡ്ജ് റൂബി. കെ. ജോസ് മുമ്പാകെ നടക്കും.

ഒന്നു മുതൽ മൂന്നുവരെ സാക്ഷികളായ ഒ.പി. രജീഷ്, ഇ. സുനിൽകുമാർ, നികേഷ് എന്നിവരെയാണ് ആദ്യദിവസം വിസ്തരിക്കുക. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളായ കൊടി സുനി ഈ കേസിൽ രണ്ടാം പ്രതിയും ഷാഫി നാലാം പ്രതിയുമാണ്. കൊടി സുനി ഉൾപ്പെടെയുള്ളവർ പരോളിൽ ഉള്ള സമയത്താണ് ഇരട്ടക്കൊലക്കേസിന്റെ വിചാരണ ആരംഭിക്കുന്നതെന്ന പ്രത്യേകയും ഉണ്ട്. 82 സാക്ഷികളാണ് കേസിലുള്ളത്.

2010 മെയ് 28ന് രാവിലെ പതിനൊന്നിനാണ് കേസിനാസ്പദമായ സംഭവം. മാഹി കോടതിയിൽനിന്നു കേസ് കഴിഞ്ഞ് വരികയായിരുന്ന വിജിത്തിനെയും ഷിനോജിനെയും ന്യൂമാഹി പെരിങ്ങാടിയിൽ വച്ച് അക്രമിസംഘം ബോംബെറിഞ്ഞ് വീഴ്ത്തി വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. ഏറെ വിവാദമായ ഈ കേസിൽ എഫ്ഐആറിൽ പ്രതി ചേർക്കപ്പെട്ട അരഡസൻ പേരെ അന്വേഷണ ഘട്ടത്തിൽ നിരപരാധികളാണെന്ന് കണ്ടെത്തിയിരുന്നു.

അന്ന് ഡിവൈഎസ്പിയായിരുന്ന പ്രിൻസ് ഏബ്രഹാം, സിഐ യു. പ്രേമൻ എന്നിവരാണ് അന്വേഷണം നടത്തിയത്. ഡിവൈഎസ്പി എ.പി. ഷൗക്കത്തലിയാണ് കുറ്റപത്രം സമർപ്പിച്ചത്. 16 പ്രതികളാണ് ഈ കേസിലുള്ളത്. രണ്ട് പ്രതികൾ മരണപ്പെട്ടു. 14 പ്രതികളാണ് വിചാരണ നേരിടുന്നത്. കേസിൽ സ്പെഷൽ പ്രോസിക്യൂട്ടറായി പി. പ്രേമരാജനും പ്രതികൾക്കായി സി.കെ. ശ്രീധരനുമാണ് ഹാജരാകുന്നത്.

സിപിഎം പ്രവർത്തകരായ പള്ളൂർ കൊയ്യോട് തെരുവിലെ ടി. സുജിത്ത്, ചൊക്ലി മീത്തലെ ചാലിൽ ഹൗസിൽ ഷാരോൺ വില്ലയിൽ എൻ.കെ. സുനിൽകുമാർ എന്ന കൊടി സുനി, നാലുതറ മണ്ടപ്പറമ്പത്ത് കോളനിയിലെ ടി.കെ.സുമേശ്, ചൊക്ലി പറമ്പത്ത് ഹൗസിൽ കെ.കെ. മുഹമ്മദ് ഷാഫി, ഷമിൽ നിവാസിൽ ടി.വി. ഷമിൽ, കൂടേൻറവിട എ. കെ.ഷമ്മാസ്, ഈസ്റ്റ് പള്ളൂരിലെ കെ. അബ്ബാസ്, ചെമ്പ്ര നാലുതറ പറയുള്ളപറമ്പത്ത് രാഹുൽ, കുന്നുമ്മൽ വീട്ടിൽ തേങ്ങ വിനീഷ് എന്ന കെ. വിനീഷ്, കോടിയേരി പാറാൽ ചിരുതാംകണ്ടി സി.കെ. രജി കാന്ത്, പള്ളൂർ പടിഞ്ഞാറെ നാലുതറ പി.വി. വിജിത്ത്, അമ്മാലമഠത്തിൽ മുഹമ്മദ് രജീസ്, കണ്ണാറ്റിക്കൽ വീട്ടിൽ ഷിനോജ്, അഴീക്കൽ മീത്തലെ എടക്കാടൻറ വിട ഫൈസൽ, ചൊക്ലി തണൽ വീട്ടിൽ കാട്ടിൽ പുതിയപുരയിൽ സരിഷ്, ചൊക്ലി കണ്ണോത്ത്പള്ളി തവക്കൽ മൻസിലിൽ സജീർ എന്നിവരാണ് കേസിലെ പ്രതികൾ.

# സൈനികനെ കണ്ടെത്തിയ കേരള പോലീസിന് പട്ടാളത്തിന്റെ അഭിനന്ദനം

കോഴിക്കോട്: കാണാതായ സൈനികനെ വിദഗ്ധമായ അന്വേഷണത്തിലൂടെ കണ്ടെത്തിയ എലത്തൂർ പോലീസിന് പട്ടാളത്തിന്റെ അഭിനന്ദനം. സൈനികൻ വിഷ്ണുവിനെ കണ്ടെത്താൻ പോലീസ് കാട്ടിയ മിടുക്കിനെ അഭിനന്ദിച്ച് പുനെയിലെ എഡി റെജിമെൻറ് യൂണിറ്റിന്റെ ചുമതല വഹിക്കുന്ന മേജർ സച്ചിൻ ശർമയാണ് രംഗത്തെത്തിയത്.അന്വേഷണച്ചുമതലയുള്ള എലത്തൂർ സിഐ എൻ. അജീഷ് കുമാറിനെ അദ്ദേഹം ഫോണിൽ വിളിച്ചു. അന്വേഷണ സംഘത്തിലുണ്ടായിരുന്ന എസ്ഐ മുഹമ്മദ് സിയാദ്, സിപിഒമാരായ അതുൽകുമാർ, പി. വൈശാഖ് എന്നിവരെയും മേജർ അനുമോദനം അറിയിച്ചു.

ഡിസംബർ 17ന് കാണാതായ സൈനികൻ, എരഞ്ഞിക്കൽ സ്വദേശി വിഷ്ണുവിനെ കഴിഞ്ഞ ദിവസം ബംഗളൂരുവിൽനിന്നാണു കണ്ടെത്തിയത്. ബംഗളൂരു, മുംബൈ, പുനെ എന്നിവിടങ്ങളിൽ ക്യാമ്പ് ചെയ്ത് ട്രെയിനുകളിലും കടകളിലുമായി നൂറോളം നിരീക്ഷണ കാമറകൾ പരിശോധിച്ചും ബംഗളൂരുവിലെ എടിഎമ്മിൽനിന്നു പണം പിൻവലിച്ചത് കണ്ടുപിടിച്ചുമാണു വിഷ്ണുവിനെ കണ്ടെത്തിയത്.

വിഷ്ണുവിന്റെ വിവാഹം ഈ മാസം നടക്കാനിരിക്കുകയായിരുന്നു. ഇതിനിടയിൽ വന്ന കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് ആരോടും പറയാതെ വിഷ്ണു നാട്ടിൽ നിന്നു മാറിനിന്നത്. ശമ്പളം വന്ന ദിവസം ബംഗളൂരുവിലെ എടിഎമ്മിൽ നിന്നു വിഷ്ണു പണം പിൻവലിച്ചിരുന്നു. ഇതാണ് അന്വേഷണത്തിൽ നിർണായകമായത്.മന്ത്രി എ.കെ. ശശീന്ദ്രൻ, രാഷ്ട്രീയകലാസാംസ്കാരിക രംഗത്തെ പ്രമുഖർ, പോലീസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവരും അന്വേഷണ സംഘത്തെ അഭിനന്ദിച്ചു.

# മുഖ്യമന്ത്രി സ്ഥാനമല്ല ലക്ഷ്യം; സതീശനുമായി അഭിപ്രായ ഭിന്നതയില്ല

തിരുവനന്തപുരം: മുഖ്യമന്ത്രി സ്ഥാനമല്ല തന്റെ ലക്ഷ്യമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. മുഖ്യമന്ത്രി സ്ഥാനത്തിനായി ആരുമായും മത്സരത്തിനില്ലെന്നും തന്റെ മുന്നിലുള്ള അടുത്ത ലക്ഷ്യം സാധാരണ പ്രവർത്തകർ മത്സരിക്കുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു. ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിലാണ് ചെന്നിത്തല ഇക്കാര്യം വ്യക്തമാക്കിയത്.

വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിനെ പാർട്ടി ഒറ്റക്കെട്ടായി നേരിടും. പ്രതിപക്ഷ നേതാവുമായി അഭിപ്രായ ഭിന്നതയില്ല. പ്രതിപക്ഷ നേതാവ് സ്ഥാനത്ത് നിന്ന് മാറിയത് ഹൈക്കമാൻഡ് തീരുമാന പ്രകാരമാണ്. എല്ലാം തീരുമാനിക്കുന്നത് ഹൈക്കമാൻഡ് ആണ്. അതേസമയം സ്ഥാനം ഒഴിയാൻ തന്നോട് നേരിട്ട് പറയാത്തത് വിഷമമുണ്ടാക്കിയിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.മന്നം ജയന്തി ആഘോഷത്തിൽ പങ്കെടുത്തതിനെപ്പറ്റിയും ചെന്നിത്തല പ്രതികരിച്ചു. താൻ പരിപാടിയിൽ പങ്കെടുക്കുന്നതിന്റെ ഗുണം കോൺഗ്രസ് പാർട്ടിക്കാണ്. അതിൽ ആരും ദുരുദ്ദേശ്യം കാണേണ്ടതില്ല. മന്നം ജയന്തി ആഘോഷത്തിൽ പങ്കെടുത്തതിൽ പ്രത്യേക ലക്ഷ്യമോ പ്ലാനിംഗോ ഇല്ല.എൻഎസ്എസുമായുള്ള പിണക്കം തീർത്തത് ഇടനിലക്കാരില്ലാതെ നേരിട്ടാണ്. സുകുമാരൻ നായരുമായി നേരിട്ട് സംസാരിച്ചു.

എൻഎസ്എസ് മതേതര ബ്രാൻഡാണ്. കഴിഞ്ഞ കുറച്ച് കാലമായി എൻഎസ്എസുമായി ചെറിയ ഒരു അകൽച്ച ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഇപ്പോൾ ക്ഷണിച്ചപ്പോൾ അത് വാർത്തയായത്.തന്റെ സാന്നിധ്യം ആവശ്യമാണെന്ന് തോന്നിയതിനാൽ ക്ഷണിച്ചു, ക്ഷണം സ്വീകരിച്ച് താൻ പോയി. എൻഎസ്എസ് ഒരു മഹാപ്രസ്ഥാനമാണ്. മന്നം ഉയർത്തിപ്പിടിച്ച മതേതരത്വം എൻഎസ്എസ് തുടർന്നു കൊണ്ടുപോകുന്നു. അതുകൊണ്ടാണ് എൻഎസ്എസിന് ഇപ്പോഴും പ്രാധാന്യം ഉള്ളത്.എല്ലാ സമുദായ സംഘടനകളുമായും തനിക്ക് നല്ല ബന്ധമാണുള്ളത്. തന്നെ ബ്രാൻഡ് ചെയ്യാൻ ശ്രമിച്ചവരെ കുറിച്ച് പറയാൻ സമയമായിട്ടില്ലെന്നും രമേശ് ചെന്നിത്തല വ്യക്തമാക്കി.

# പെരിയ കേസിലെ വിധിക്കെതിരേ മേൽക്കോടതിയെ സമീപിക്കും: എം.വി. ബാലകൃഷ്ണൻ

കാസർഗോഡ്: പെരിയ ഇരട്ടക്കൊലക്കേസിലെ വിധിക്കെതിരേ മേൽക്കോടതിയെ സമീപിക്കുമെന്ന് സിപിഎം കാസർഗോഡ് ജില്ലാ സെക്രട്ടറി എം.വി. ബാലകൃഷ്ണൻ. കെ.വി. കുഞ്ഞിരാമൻ, കെ. മണികണ്ഠൻ എന്നിവരേ പ്രതിചേർത്തത് രാഷ്ട്രീയ പ്രേരിതമാണെന്നും അദ്ദേഹം പറഞ്ഞു.

പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ വെട്ടിക്കൊലപ്പെടുത്തിയ കേസിൽ പത്ത് പ്രതികൾക്ക് ഇരട്ടജീവപര്യന്തമാണ് കോടതി വിധിച്ചത്. കൊച്ചിയിലെ പ്രത്യേക സിബിഐ കോടതിയുടേതാണ് വിധി.

ഒന്ന് മുതൽ എട്ട് വരെയുള്ള പ്രതികളായ എ.പീതാംബരൻ (പെരിയ മുൻ ലോക്കൽ കമ്മിറ്റി അംഗം), സജി സി.ജോർജ്, കെ.എം.സുരേഷ്, കെ.അനിൽകുമാർ (അബു), ഗിജിൻ, ആർ. ശ്രീരാഗ് (കുട്ടു), എ. അശ്വിൻ (അപ്പു), സുബീഷ് (മണി), 10ാം പ്രതി ടി. രഞ്ജിത്ത്(അപ്പു), 15 ാം പ്രതി എ.സുരേന്ദ്രൻ (വിഷ്ണു സുര) എന്നിവർക്കാണ് ഇരട്ട ജീവപര്യന്തം ശിക്ഷ വിധിച്ചത്. ഇവർ രണ്ട് ലക്ഷം രൂപ പിഴയും ഒടുക്കണം.

20ാം പ്രതി സിപിഎം നേതാവും ഉദുമ മുൻ എംഎൽഎയുമായ കെ.വി.കുഞ്ഞിരാമൻ,14 ാം പ്രതി കെ. മണികണ്ഠൻ, 21 ാം പ്രതി രാഘവൻ വെളുത്തോളി (രാഘവൻനായർ), 22 ാം പ്രതി കെ.വി.ഭാസ്കരൻ എന്നിവർക്ക് അഞ്ച് വർഷം തടവും വിധിച്ചു. ഇവർക്ക് 10,000 രൂപ പിഴയും വിധിച്ചിട്ടുണ്ട്.

കേസിൽ 14 പ്രതികൾ കുറ്റക്കാരെന്ന് കോടതി കഴിഞ്ഞ ദിവസം കണ്ടെത്തിയിരുന്നു.10 പ്രതികളെ കുറ്റവിമുക്തരാക്കി.

ഒന്നാം പ്രതി എ.പീതാംബരൻ ഉൾപ്പെടെ 10 പ്രതികൾക്കെതിരെ കൊലപാതകം, ഗൂഢാലോചന, നിയമവിരുദ്ധമായി സംഘം ചേരൽ, കലാപം സൃഷ്ടിക്കൽ, തടഞ്ഞുവയ്ക്കൽ എന്നീ കുറ്റങ്ങൾ തെളിഞ്ഞിരുന്നു. കെ.വി.കുഞ്ഞിരാമൻ ഉൾപ്പെടെ നാലു പ്രതികൾക്കെതിരെ പോലീസ് കസ്റ്റഡിയിൽ നിന്നു പ്രതിയെ കടത്തിക്കൊണ്ടു പോയെന്ന കുറ്റമാണ് ചുമത്തിയിരുന്നത്.2019 ഫെബ്രുവരി 17നാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ശരത് ലാലിനെയും കൃപേഷിനെയും രാഷ്ട്രീയ വൈരാഗ്യം മൂലം ക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയത്.

# കേരള ഫിനാൻഷ്യൽ കോർപറേഷനുമായി ബന്ധപ്പെട്ട അഴിമതി; മുഖ്യമന്ത്രി മറുപടി പറയണം: പ്രതിപക്ഷ നേതാവ്

കൊച്ചി: കേരള ഫിനാൻഷ്യൽ കോർപറേഷനുമായി ബന്ധപ്പെട്ട അഴിമതി ആരോപണത്തിൽ മുഖ്യമന്ത്രി മറുപടി പറയണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. മുൻ ധനമന്ത്രി തോമസ് ഐസക് അഴിമതിയെ ന്യായീകരിക്കുകയാണ് എന്നും സതീശൻ പറഞ്ഞു.

ഡയറക്ടർ ബോർഡിന്റെ അനുമതിയില്ലാതെ നിക്ഷേപം നടത്തിയത് നിയമ ലംഘനമാണ്. ഈ നിക്ഷേപം അനിൽ അംബാനിയുടെ കമ്പനികൾ പൊളിയുന്ന കാലത്താണ് നടത്തിയത്.ആർസിഎൽ എന്ന മാതൃ കമ്പനി പൊളിഞ്ഞപ്പോൾ അനിൽ അംബാനി ആർസിഎഫ്എൽ എന്ന അടുത്ത കമ്പനിയുണ്ടാക്കി. ഈ മുങ്ങിക്കൊണ്ടിരുന്ന കമ്പനിയിൽ ബോർഡ് യോഗം പോലും ചേരാതെ നിക്ഷേപം നടത്തിയതിനു ആരാണ് ഉത്തരവാദിയെന്നും അദ്ദേഹം ചോദിച്ചു.

നിയമവിരുദ്ധമായാണ് അനിൽ അംബാനിയുടെ കമ്പനിയിൽ നിക്ഷേപം നടത്തിയത്. ഇതിന് ശേഷം രണ്ട് മാസം കഴിഞ്ഞാണ് ഡയറക്ടർ ബോർഡ് യോഗം ചേർന്നതെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.നിയമസഭയിൽ ഇക്കാര്യം ഉന്നയിച്ചപ്പോൾ തോമസ് ഐസക് മറുപടി നൽകിയില്ല. ഇപ്പോൾ പരസ്യമായി ആരോപണം ഉന്നയിച്ചപ്പോഴാണ് ന്യായീകരിക്കുന്നത്.ഏത് തരം അന്വേഷണമാണ് നടത്താൻ പോകുന്നതെന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കണം. രാഷ്ട്രീയ നേതൃത്വത്തിന്റെ അറിവോടെ ചില പാർട്ടി ബന്ധുക്കളാണ് ഈ അഴിമതിക്ക് പിന്നിൽ. കെഎഫ്സിയുടെ വാർഷിക റിപ്പോർട്ടിൽ പോലും നിക്ഷേപിച്ച കമ്പനി ഏതെന്നു പറയുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

## റിജിത്ത് വധക്കേസ്; മുഴുവൻ പ്രതികളും കുറ്റക്കാരെന്ന് കോടതി; ശിക്ഷാവിധി ചൊവ്വാഴ്ച

കണ്ണൂർ: കണ്ണപുരത്ത് ഡിവൈഎഫ്ഐ പ്രവർത്തകൻ റിജിത്തിനെ വധിച്ച കേസിൽ മുഴുവൻ പ്രതികളും കുറ്റക്കാരെന്ന് കോടതി. തലശേരി അഡീഷണൽ സെഷൻസ് കോടതിയാണ് വിധി.ഒമ്പത് ആർഎസ്എസ്, ബിജെപി പ്രവർത്തകരാണ് കേസിലെ പ്രതികൾ. അഞ്ച് പ്രതികൾ ആയുധമെടുത്ത് പരിക്കേൽപ്പിച്ചെന്നും കോടതി കണ്ടെത്തി. ചൊവ്വാഴ്ച കേസിൽ ശിക്ഷ വിധിക്കും.2005 ഒക്ടോബർ രണ്ടിന് രാത്രി ചുണ്ട തച്ചൻക്കണ്ടി ക്ഷേത്രത്തിനടുത്ത് വെച്ച് സുഹൃത്തുക്കൾക്കൊപ്പം നടന്ന് പോവുന്നതിനിടയിലാണ് പ്രതികൾ ഡിവൈഎഫ്ഐ പ്രവർത്തകനായ കണ്ണപുരത്തെ അരക്കൻ വീട്ടിൽ റിജിത്തിനെ(26) വെട്ടി കൊലപ്പെടുത്തിയത്. കൂടെയുണ്ടായ ഡിവൈഎഫ്ഐ പ്രവർത്തകരായ കെ.വി. നികേഷ്, ചിറയിൽ വികാസ്, കെ. വിമൽ തുടങ്ങിയവർക്ക് വെട്ടേറ്റിരുന്നു

## സഭാ സമാധാനത്തിന് വിട്ടുവീഴ്ചയ്ക്ക് തയാർ: പരിശുദ്ധ കാതോലിക്കാ ബാവ

കോട്ടയം: മലങ്കര സഭ തർക്ക വിഷയത്തിൽ സമാധാനത്തിന് വിട്ടുവീഴ്ചയ്ക്ക് തയ്യാറാണെന്ന് ഓർത്തഡോക്സ് സഭ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ.'കോടതി വിധികളും സഭാ ഭരണഘടനയും അവഗണിച്ച് മുൻപോട്ടു പോകുവാൻ കഴിയുകയില്ല എന്നത് സത്യമാണ്. നീതിയിൽ അടിസ്ഥാനമായ വിട്ടുവീഴ്ചകൾക്ക് മലങ്കര സഭ തയാറാണ്. സുപ്രീംകോടതി വിധി രാജ്യത്തിന്റെ നിയമമാണ്. കോടതി വിധികൾക്ക് വിപരീതമായി പ്രവൃത്തിക്കാൻ കഴിയില്ല.'കാതോലിക്കാ ബാവ പറഞ്ഞു.സുപ്രീം കോടതി വിധി അംഗീകരിച്ചാൽ ഉചിതമായ വിട്ടുവീഴ്ചകൾക്ക് തയാറെന്നും കാതോലിക്ക ബാവാ കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ കാതോലിക്ക ബാവമാരുടെ പെരുന്നാളിനോട് അനുബന്ധിച്ച് നടത്തിയ പ്രസംഗത്തിൽ പറഞ്ഞു. കോടതി വിധി അംഗീകരിച്ചില്ലെങ്കിൽ സമാധാനം ഉണ്ടാവില്ലെന്നും അദ്ദേഹം വ്യക്തമാക്കി.അമിത് ഷായ്ക്ക് അംബേദ്കറോട് പുച്ഛം; കോൺഗ്രസ് തുടങ്ങിവച്ച നയങ്ങളുടെ മൂർദ്ധന്യാവസ്ഥയാണ് കേന്ദ്രം നടപ്പാക്കുന്നത്: മുഖ്യമന്ത്രി

# മറുനാട്ടിൽ നിന്നും മാതൃകയായി ഒരു അവയവദാനം

## എട്ട് പേർക്ക് പുതുജീവനേകി മലയാളി വിദ്യാർത്ഥി യാത്രയായി

പുതുവർഷദിനം ബാംഗ്ലൂരിൽ നടന്ന റോഡ് അപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച മലയാളി വിദ്യാർത്ഥി അലൻ അനുരാജിന്റെ അവയവങ്ങൾ എട്ട് പേരിലൂടെ ജീവിക്കും. ആറ് പ്രധാന അവയവങ്ങളും 2 കണ്ണുകളുമാണ് ദാനം ചെയ്തത്. ഹൃദയം, രണ്ട് വൃക്കകൾ, പാൻക്രിയാസ്, ശ്വാസകോശം, കരൾ, നേത്ര പടലം എന്നിവയാണ് ദാനം ചെയ്തത്. അവയവങ്ങൾ കർണാടകയിലെ വിവിധ ആശുപത്രികൾക്ക് കൈമാറി. മരണാനന്തര അവയവദാനത്തിന് നേതൃത്വം നൽകുന്ന കർണാടക സർക്കാരിന്റെ 'ജീവസാർത്ഥകത്തേ'യുടെ നേതൃത്വത്തിലാണ് അവയവ കൈമാറ്റ നടപടിക്രമങ്ങളും സ്വീകർത്താക്കളെ കണ്ടെത്തലും കാര്യക്ഷമമായി നടന്നത്. തീവ്ര ദു:ഖത്തിലും മറ്റൊരു സംസ്ഥാനത്ത് നിന്ന് മരണാനന്തര അവയവദാനത്തിന് തയ്യാറായി എട്ട് പേർക്ക് പുതു ജീവൻ നൽകാൻ സന്നദ്ധരായ അലന്റെ കുടുംബത്തിന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നതായും മന്ത്രി അറിയിച്ചു.

എറണാകുളം പുത്തൻ വേലിക്കര സ്വദേശിയായ അനുരാജ് തോമസിന്റെയും ബിനി അനുരാജിന്റെയും മകനായ അലൻ അനുരാജ് (19 വയസ്), ബാംഗ്ലൂർ സപ്തഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിൽ ഫിസിയോതെറാപ്പി ഒന്നാം വർഷ വിദ്യാർത്ഥിയായിരുന്നു. 2025 ജനുവരി ഒന്നിന് ബാംഗ്ലൂരിൽ വച്ച് നടന്ന ബൈക്ക് അപകടത്തിൽ ഗുരുതര പരിക്കേറ്റ അലനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും രക്ഷിക്കാനായില്ല. തുടർന്ന് യശ്വന്ത്പൂർ സ്പർശ് ആശുപത്രിയിൽ വച്ച് മസ്തിഷ്ക മരണം സംഭവിച്ചതിനെ തുടർന്ന്, അലന്റെ കുടുംബം അവയവദാനത്തിന് സമ്മതിക്കുകയായിരുന്നു.

അമൽ, ആൽവിൻ എന്നിവർ സഹോദരങ്ങളാണ്. പുത്തൻവേലിക്കര മാളവന സെന്റ് ജോർജ് ദേവാലയത്തിൽ ജനുവരി അഞ്ച് വൈകീട്ട് നാലിന് അലന്റെ സംസ്കാരം നടക്കും.

# വടകരയിൽ കാരവാനിൽ യുവാക്കൾ മരിച്ച സംഭവം: മരിച്ചത് കാർബൺ മോണോക്സൈഡ് ശ്വസിച്ചെന്ന് കണ്ടെത്തൽ

കോഴിക്കോട്: വടകരയിൽ കാരവാനിൽ യുവാക്കൾ മരിച്ചത് കാർബൺ മോണോക്സൈഡ് ശ്വസിച്ചെന്ന് കണ്ടെത്തൽ.

കഴിഞ്ഞ മാസം 23 നായിരുന്നു അപകടം. പോലീസിനൊപ്പം ഫോറൻസിക് വിഭാഗവും, വാഹനം നിർമ്മിച്ച ബെൻസ് കമ്പനിയുടെ സാങ്കേതിക വിദഗ്ധരും എൻഐടിയിലെ വിദഗ്ധ സംഘത്തിന്റെ പരിശോധനയുടെ ഭാഗമായിരുന്നു.മലപ്പുറം വണ്ടൂർ സ്വദേശിയായ മനോജും, കാസറഗോഡ് വെള്ളരിക്കുണ്ട് സ്വദേശി ജോയലുമാണ് മരിച്ചത്.

വടകരയിൽ ദേശീയ പാതയോരത്ത് നഗര മധ്യത്തിൽ ഒരു രാത്രിയും ഒരു പകലുമാണ് യുവാക്കൾ മരിച്ചുകിടന്നത്.വിവാഹ സംഘത്തോടൊപ്പം എത്തിയതായിരുന്നു യുവാക്കൾ. വടകര കരിമ്പനപാലത്തിനടുത്ത് വാഹനം നിർത്തി. എസി ഓൺ ചെയ്ത് വിശ്രമിച്ചതായിരുന്നു. വാടകയ്ക്ക് എടുത്ത കാരവാൻ തിരിച്ചെത്താതെ വന്നതോടെ വാഹനത്തിന്റെ ഉടമകളാണ് ആദ്യം അന്വേഷിച്ച് ഇറങ്ങിയത്.പിന്നാലെ വാഹനം കണ്ടെത്തി. തുറന്ന് നോക്കിയപ്പോഴാണ് അകത്ത് യുവാക്കളെ മരിച്ച നിലയിൽ കണ്ടെത്തിയത്.

## റീൽ ഉത്സവം വിലയിരുത്തൽ ജനുവരി 6 വരെ

ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരത്ത് നടക്കുന്ന 63ാമത് കേരള സ്കൂൾ കലോത്സവത്തിന്റെ പ്രചരണത്തിനായി സ്കൂളുകൾക്ക് വേണ്ടി സംഘടിപ്പിച്ച റീൽസ് മത്സരത്തിന് റീലുകൾ സമർപ്പിക്കേണ്ട തീയതി ഡിസംബർ 31 ന് അവസാനിച്ചു. ജനുവരി 6 ന് രാത്രി 12 മണി വരെ ഫേസ്ബുക്കിലും ഇൻസ്റ്റാഗ്രാമിലും ലഭിക്കുന്ന പ്രതികരണങ്ങൾ പരിഗണിച്ച് സമ്മാനങ്ങൾ നൽകും. കൂടുതൽ വിവരങ്ങൾക്ക്: 0471 2338541.

# യുവതിയെയും ഇരട്ടക്കുട്ടികളെയും കൊലപ്പെടുത്തിയ കേസ്; പ്രതികൾ 18 വർഷത്തിനുശേഷം പിടിയിൽ

കൊല്ലം: അഞ്ചലിൽ യുവതിയെയും ഇരട്ടക്കുട്ടികളെയും കൊലപ്പെടുത്തിയ കേസിലെ പ്രതികളെ 18 വർഷത്തിനുശേഷം സിബിഐ പിടികൂടി.

മുൻ സൈനികരായിരുന്ന അഞ്ചൽ സ്വദേശി ദിബിൽ കുമാർ, കണ്ണൂർ സ്വദേശി രാജേഷ് എന്നിവരാണ് പോണ്ടിച്ചേരിയിൽ നിന്ന് പിടിയിലായത്. ഇവരെ കൊച്ചിയിലെ സിജെഎം കോടതിയിൽ ഹാജരാക്കും,അഞ്ചൽ സ്വദേശിയായ രഞ്ജിനിയും ഇവരുടെ രണ്ട് പെൺകുഞ്ഞുങ്ങളുമാണ് കൊല്ലപ്പെട്ടത്.

2006 ഫെബ്രുവരിയിലാണ് കേസിനാസ്പദമായ സംഭവം.ദിബിൽ കുമാറിന് രഞ്ജിനിയിൽ ജനിച്ചതായിരുന്നു ഇരട്ടക്കുട്ടികൾ. കുട്ടികളുടെ പിതൃത്വം സംബന്ധിച്ച് ഇയാൾക്കെതിരേ പരാതിയുമായി ഇവർ മുന്നോട്ട് വന്നു. കുട്ടികളുടെ ഡിഎൻഎ പരിശോധിക്കാൻ വനിതാ കമ്മീഷൻ നിർദേശിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ തെളിവുകൾ നശിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഇവിടെയെത്തിയ പ്രതികൾ മൂന്ന് പേരെയും കഴുത്തറുത്ത് കൊലപ്പെടുത്തുകയായിരുന്നു. സംഭവത്തിന് പിന്നാലെ ഇരുവരും ഒളിവിലായിരുന്നു. പ്രതികളെക്കുറിച്ച് വിവരം നൽകുന്നവർക്ക് രണ്ട് ലക്ഷം രൂപ പ്രതിഫലം പ്രഖ്യാപിച്ചിരുന്നു.പോണ്ടിച്ചേരിയിൽ മറ്റൊരു വിലാസത്തിൽ താമസിക്കുന്ന ഇവർ ഇവിടെയെത്തി വിവാഹം കഴിച്ചു. ഈ ബന്ധത്തിൽ ഇവർക്ക് കുട്ടികളുണ്ടെന്നും സിബിഐ അറിയിച്ചു.

# എച്ച്എംപിവി: ആശങ്ക വേണ്ട; ഗർഭിണികളും പ്രായമുള്ളവരും മാസ്ക് ധരിക്കുന്നത് നല്ലതെന്ന് മന്ത്രി

തിരുവനന്തപുരം: ചൈനയിൽ വൈറൽ പനിയും ന്യൂമോണിയയും വ്യാപിക്കുന്നുവെന്ന് വാർത്തകൾ വരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനം സസൂക്ഷ്മം സ്ഥിതിഗതികൾ വിലയിരുത്തുന്നുവെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ആശങ്ക വേണ്ടതില്ലെന്നും ഗർഭിണികൾ പ്രായമുള്ളവർ ഗുരുതര രോഗമുള്ളവർ എന്നിവർ മാസ്ക് ധരിക്കുന്നത് അഭികാമ്യമാണെന്നും അവർ വാർത്താക്കുറിപ്പിൽ അറിയിച്ചു.

മഹാമാരിയാകാൻ സാധ്യതയുള്ളതോ മറ്റു പ്രദേശങ്ങളിലേക്ക് വളരെ വേഗത്തിൽ പടർന്നു പിടിക്കുന്നതോ ആയ വൈറസുകളൊന്നും ചൈനയിൽ ഈ അവസരത്തിൽ കണ്ടെത്തിയതായി റിപ്പോർട്ടുകളില്ല. എന്നാൽ മലയാളികൾ ലോകത്തിന്റെഭാഗങ്ങളിലുമുണ്ട് എന്നതിനാലും, ചൈനയുൾപ്പെടെ ലോകത്തിന്റെ ഭാഗങ്ങളിൽ നിന്നും പ്രവാസികൾ നമ്മുടെ നാട്ടിലേക്ക് എത്തുന്നതിനാലും ജാഗ്രത പുലർത്തണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മന്ത്രിയുടെ വാർത്താക്കുറിപ്പിന്റെ പൂർണരൂപം:

ചൈനയിൽ വൈറൽ പനിയുടെയും ന്യൂമോണിയയുടെയും വലിയ ഔട്ട് ബ്രേക്ക് ഉണ്ട് എന്ന നിലയിൽ വാർത്തകൾ വരുന്ന പശ്ചാത്തലത്തിൽ ചില കാര്യങ്ങൾ നാമെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. മഹാമാരിയാകാൻ സാധ്യത കൽപ്പിക്കുന്നതോ മറ്റു പ്രദേശങ്ങളിലേക്ക് വളരെ വേഗത്തിൽ പടർന്നു പിടിക്കുന്നതോ ആയ വൈറസുകളെ ഒന്നും ചൈനയിൽ ഈ അവസരത്തിൽ കണ്ടെത്തിയതായി റിപ്പോർട്ടുകളില്ല.

എങ്കിലും മലയാളികൾ ലോകത്തിൻറെ എല്ലാ ഭാഗങ്ങളിലുമുണ്ട് എന്നതിനാലും, ചൈനയുൾപ്പെട ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നും പ്രവാസികൾ നമ്മുടെ നാട്ടിലേക്ക് എത്തുന്നതിനാലും നാം ജാഗ്രത പുലർത്തണം. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് മൂന്ന് തരത്തിലുള്ള വൈറസുകളാകാം ചൈനയിൽ ഭീതി പടർത്തുന്ന രീതിയിൽ ശ്വാസകോശ അണുബാധകൾ ഉണ്ടെങ്കിൽ അവക്ക് കാരണം.

ഹ്യൂമൻ മെറ്റാന്യൂമോ വൈറസ്, കോവിഡ് 19 ന്റെ ചില വകഭേദങ്ങൾ, ഇൻഫ്ലുവൻസ എ വൈറസ്ബാധകൾ എന്നിവയാണ് അവ. മഹാമാരിയായി മാറത്തക്ക വണ്ണം ഉള്ള ജനിതക വ്യതിയാനങ്ങൾ ഇവയിൽ ഒന്നിലും തന്നെ സംഭവിച്ചതായി റിപ്പോർട്ടുകളില്ല. എങ്കിലും നേരത്തെ സൂചിപ്പിച്ചതു പോലെ നാം കരുതിയിരിക്കണം.

മേൽപ്പറഞ്ഞ മൂന്നുതരം വൈറസുകളിൽ ഹ്യൂമൻ മെറ്റാന്യൂമോ വൈറസ് ആണ് താരതമ്യേന നമുക്ക് അപരിചിതമായ വൈറസ്. ഈ വൈറസിനെ കണ്ടെത്തിയത് 2001ൽ മാത്രമാണെങ്കിലും കഴിഞ്ഞ 50 വർഷത്തിൽ കൂടുതലായി കേരളം ഉൾപ്പെടെ ലോകത്തിന്റ ഏതാണ്ട് എല്ലാ ഭാഗങ്ങളിലും, പ്രത്യേകിച്ചും കുട്ടികളിൽ ഈ വൈറസ് വ്യാപനം ഉണ്ടായിട്ടുണ്ട് എന്നാണ് കരുതപ്പെടുന്നത്.

നമുക്ക് തന്നെ മുൻപ് വന്നുപോയ ജലദോഷപ്പനി ഈ വൈറസ് കാരണമാകാം. അതുകൊണ്ടുതന്നെ ഒങജഢ യെ അപകടകാരിയായ ഒരു പുതിയ വൈറസായി കാണാൻ കഴിയില്ല. കേരളത്തിലും കുട്ടികളിൽ ഈ വൈറസ് കൊണ്ടുള്ള അണുബാധകളും ചില അവസരങ്ങളിൽ ന്യൂമോണിയകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നമ്മുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഈ രോഗം കണ്ടെത്താനുള്ള സംവിധാനങ്ങളും ഉണ്ട്. വൈറസിൽ കാര്യമായ ജനിതക വ്യതിയാനങ്ങൾ സംഭവിച്ചിട്ടില്ല എങ്കിൽ ഒങജഢ വളരെയധികം ഭീതി വരുത്തുന്ന ഒരു സാഹചര്യം സൃഷ്ടിക്കാൻ സാധ്യത കുറവാണ്.എങ്കിലും നമ്മുടെ നാട്ടിൽ പ്രത്യേകിച്ച് കുട്ടികളിലും പ്രായമായവരിലും കാണപ്പെടുന്ന ശ്വാസകോശ സംബന്ധമായ രോഗങ്ങൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്. അതാണ് നിലവിൽ നാം ചെയ്യുന്നത്. അതോടൊപ്പം ചൈന ഉൾപ്പെടെയുള്ള മറ്റു രാജ്യങ്ങളിൽ നിന്ന് വരുന്ന ആളുകളിലും ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്ന പക്ഷം അവരെയും പ്രത്യേകമായി നിരീക്ഷിക്കുന്നതാണ്. എന്നാൽ പ്രവാസികൾക്ക് പ്രത്യേകമായ നിയന്ത്രണങ്ങൾ ഒന്നും തന്നെ നിലവിൽ ആവശ്യമില്ല.

നേരത്തെ പറഞ്ഞ വൈറസ് വിഭാഗങ്ങളിൽ രണ്ടാമത്തേത് കോവിഡ് 19 ന്റെ പുതിയ ജനിതക വ്യതിയാനങ്ങളാണ്. മറ്റൊരു മഹാമാരിയാകാൻ സാധ്യത കൽപിക്കപ്പെടുന്ന വൈറസുകളിൽ കോവിഡ് 19 ന്റെ പുതിയ ജനിതക വ്യതിയാനങ്ങൾക്ക് ഇപ്പോഴും പ്രാധാന്യമുണ്ട്. അതുകൊണ്ടു തന്നെ ചൈനയിൽ ചർച്ച ചെയ്യപ്പെടുന്ന തരത്തിൽ ന്യൂമോണിയ രോഗം പടരുന്നുണ്ടെങ്കിൽ, അതിന് കാരണങ്ങളിൽ ഒന്ന് കോവിഡിന്റെ പുതിയ ജനിതകവ്യതിയാനങ്ങൾ ആണെങ്കിൽ നാം കരുതിയിരിക്കണം.

എങ്കിലും നേരത്തെ തന്നെ കോവിഡ് വന്നിട്ടുള്ള ആളുകൾക്കും കോവിഡ് രോഗത്തിനെതിരെ വാക്സിൻ സ്വീകരിച്ചിട്ടുള്ള ആളുകൾക്കും പുതിയ ജനിതക വ്യതിയാനം അപകടകരമായ രോഗാവസ്ഥ ഉണ്ടാക്കാൻ സാധ്യത കുറവാണ്. പക്ഷെ അണുബാധ പടരുന്ന സാഹചര്യം ഉണ്ടായാൽ പ്രായമുള്ളവരെയും രോഗികളെയും അത് ബാധിക്കാൻ സാധ്യതയുണ്ട്. അതിനാൽ നാം കരുതിയിരിക്കണം.

ഇനിയും പൂർണമായി അപ്രത്യക്ഷമായിട്ടില്ലാത്ത കോവിഡ് 19 ജനിതക വ്യതിയാനങ്ങൾ തിരിച്ചുവരുന്ന ഒരു സാഹചര്യം ഉണ്ടായാലും അതിനെ നേരിടാനും സംസ്ഥാനം സുസജ്ജമാണ്. സംസ്ഥാനത്തെവിടെയും കോവിഡ് 19 സമാനമായ ലക്ഷങ്ങൾ ക്ലസ്റ്ററുകളായി രൂപപ്പെടുന്ന സാഹചര്യം നേരിടാൻ നാം തയ്യാറായിരിക്കണം.മേൽപ്പറഞ്ഞ വൈറസ് വിഭാഗങ്ങളിൽ മൂന്നാമത്തെത് ഇൻഫ്ലുവൻസ എ എന്ന വിഭാഗത്തിൽ പ്പെടുന്ന, പ്രാഥമികമായി ജന്തുക്കളിൽ നിന്നോ പക്ഷികളിൽ നിന്നോ ഉത്ഭവിച്ച് പിന്നീട് മനുഷ്യരിലേക്ക് കടന്നെത്തുന്ന ഇൻഫ്ലുവൻസ വിഭാഗത്തിൽ പെടുന്ന വൈറസ് ബാധകളാണ്. കേരളം ഇന്ന് ഏകാരോഗ്യ സമീപനത്തിലൂടെ നേരിടാൻ ശ്രമിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട രോഗങ്ങളുടെ ഒരു വിഭാഗമാണ് ഇൻഫ്ലുവൻസ. മാത്രമല്ല, വിവിധങ്ങളായ വൈറസ് ബാധകളിൽ മഹാമാരികളാകാൻ ഏറ്റവും സാധ്യത കല്പിക്കപ്പെടുന്നതും ഇൻഫ്ലൂൻസ വിഭാഗത്തിൽപ്പെട്ട പനികൾക്കാണ്.

ചൈനയിൽ ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടിരിക്കുന്ന രോഗാണുബാധയിൽ ഇൻഫ്ലുവൻസ രോഗത്തിന് എത്രത്തോളം സ്വാധീനം ഉണ്ട്, ഉണ്ടെങ്കിൽ അത് ഏതുതരം ഇൻഫ്ലുവൻസ ആണ് തുടങ്ങിയ കാര്യങ്ങൾ പുറത്തു വരാനിരിക്കുന്നതേയുള്ളൂ. എങ്കിലും ഒ1ച1 പോലെ നിലവിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഇൻഫ്ലുൻസ വൈറസിൽ അപകട സ്വഭാവമുള്ള പുത്തൻ ജനിതക വ്യതിയാനങ്ങളോ പുത്തൻ ഇൻഫ്ലുവൻസ വൈറസ് തന്നെയോ കടന്നുവന്നതായി നിലവിൽ റിപ്പോർട്ടുകളില്ല.

എങ്കിലും ഇൻഫ്ലുവൻസാ രോഗങ്ങളുടെ നിരീക്ഷണ സംവിധാനവും നാം ശാക്തീകരിക്കുകയാണ്. ഇൻഫ്ലുവൻസ രോഗവ്യാപനത്തെപ്പറ്റിയുള്ള നമ്മുടെ പ്രധാന ഉത്കണ്ഠ, അത് ഗർഭിണികൾക്ക് അപൂർവ്വമായെങ്കിലും അപകടം വരുത്താം എന്നതാണ്. അതിനാൽ ഗർഭിണികളായ സ്ത്രീകൾ മാസ്കുകൾ ഉപയോഗിക്കുകയും ശ്വാസകോശ അണുബാധയുള്ള ആളുകളിൽ നിന്നും അകലം പാലിക്കുകയും വേണം.

ചൈനയിൽ നിന്നും പുത്തൻ രോഗങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഒന്ന് രണ്ട് കാര്യങ്ങൾ നാം പരിഗണിക്കേണ്ടതുണ്ട്. ചൈനയിലുണ്ടാകുന്ന രോഗാണുബാധകളെ ലോകം മുഴുവൻ വീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതുകൊണ്ടും അതിന് കൂടുതൽ വാർത്താപ്രാധാന്യം ഉള്ളതുകൊണ്ടും വാർത്തകൾ പർവതീകരിക്കാനുള്ള സാധ്യതകൾ ഉണ്ട് എന്നതാണ് ഒന്നാമത്തെ കാര്യം.

2000 ആണ്ടിൽ ഉണ്ടായ സാർസിന് ശേഷവും 2019ൽ ഉണ്ടായ കോവിഡ് 19 മഹാമാരിക്ക് ശേഷവും ചൈനയുടെ രോഗനിരീക്ഷണ സംവിധാനം വളരെ ശക്തമായി എന്നതിനാൽ സത്യത്തിൽ ഉണ്ടാകുന്ന അണുബാധകളുടെ സിംഹഭാഗവും ചൈന കണ്ടെത്തുന്നു എന്നതാണ് എന്നുള്ളതാണ് രണ്ടാമത്തെ വസ്തുത.ലോകത്തിലെ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ കാലം ലോക്ക് ഡൗൺ അനുഭവിച്ച ഒരു രാജ്യമാണ് ചൈന എന്നതുകൊണ്ട് തന്നെ ഇപ്പോഴും കോവിഡ് 19 സമൂഹത്തിൽ പൂർണമായും വ്യാപിച്ചിട്ടില്ല എന്നാണ് മറ്റൊരു വിലയിരുത്തൽ. നീണ്ടുനിൽക്കുന്ന ലോക്ഡോണുകൾ കോവിഡിന്റെ മാത്രമല്ല, ഇൻഫ്ലൂൻസ, ഒങജഢ എന്നിവ ഉൾപ്പെടെയുള്ള രോഗങ്ങളുടെയും വ്യാപനം താത്കാലികമായി കുറയ്ക്കുകയും ലോക്ക് ഡൗൺ പിൻവലിക്കുമ്പോൾ പ്രസ്തുത അണുബാധകൾ തിരിച്ചുവരികയും ചെയ്യുന്ന അവസ്ഥയുണ്ടാക്കും. അതുകൊണ്ടു തന്നെ ഇപ്പോൾ ബാധിച്ചുകൊണ്ടിരിക്കുന്ന വൈറസ് അണുബാധകൾ ചൈനക്ക് പുറത്ത് വളരെയധികം ഭീഷണി ഉയർത്താൻ സാധ്യതയില്ല എന്നും ഒരു വിലയിരുത്തലുണ്ട്. എങ്കിലും നാം ജാഗ്രത കൈവെടിയാൻ പാടില്ല.ഹ്യൂമൻ മെറ്റാന്യൂമോണിയ വൈറസ് ഉൾപ്പെടെയുള്ള അണുബാധകൾ കുഞ്ഞുങ്ങളെയും പ്രായാധിക്യം ഉള്ളവരെയും കൂടുതൽ ബാധിക്കാൻ സാധ്യതയുള്ളതിനാൽ അവരും മറ്റു ഗുരുതരമായ രോഗങ്ങൾ ഉള്ളവർ പാലിയേറ്റീവ് ചികിത്സ എടുക്കുന്ന ആളുകൾ തുടങ്ങിയവരും കൂടുതൽ ജാഗ്രത പുലർത്തണം.

രോഗങ്ങൾ ഉള്ള സമയത്ത് കുഞ്ഞുങ്ങളെ സ്കൂളിൽ വിടരുത്. ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങൾ ഉള്ളവർ തീർച്ചയായും മാസ്കുകൾ ഉപയോഗിക്കണം. നിലവിൽ ഭയപ്പെടേണ്ട യാതൊരു സാഹചര്യങ്ങളും ഇല്ല. ചൈനയിലെ അവസ്ഥ നാം നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

## ഉത്തരേന്ത്യയിൽ കനത്ത മൂടൽമഞ്ഞ്, അതിശൈത്യം; വ്യോമ റെയിൽ സർവീസുകൾ തടസപ്പെട്ടു

ന്യൂഡൽഹി: കനത്ത മൂടൽമഞ്ഞിനെത്തുടർന്ന് ഉത്തരേന്ത്യയിലുടനീളം 30ഓളം വിമാനങ്ങൾ റദ്ദാക്കുകയും നിരവധി വിമാനങ്ങൾ വൈകുകയും ചെയ്തു. ട്രെയിനുകളും വൈകി. ഇന്നു രാവിലെ റൺവേ ദൃശ്യപരത പൂജ്യമായതിനാൽ ഡൽഹി വിമാനത്താവളത്തിൽ വിമാന സർവീസുകൾ താത്കാലികമായി നിർത്തിവച്ചു.

കോൽക്കത്ത വിമാനത്താവളത്തിൽ 25 ഓളം സർവീസുകളെ ബാധിച്ചു. ചണ്ഡീഗഡ്, അമൃത്സർ, ജയ്പുർ തുടങ്ങിയ വിമാനത്താവളങ്ങളിലും സമാനമായ അവസ്ഥകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. പുതുക്കിയ വിമാനവിവരങ്ങൾക്കായി യാത്രക്കാർ അതാത് എയർലൈനുമായി ബന്ധപ്പെടണമെന്ന് എയർപോർട്ട് അധികൃതർ അറിയിച്ചു.

വെള്ളിയാഴ്ച വിമാനത്താവളത്തിലെ മോശം കാലാവസ്ഥയെത്തുടർന്ന് ഉത്തരേന്ത്യയിലാകെ അതിശൈത്യവും അനുഭവപ്പെടുകയാണ്. കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്നു ഡൽഹിയിൽ ഓറഞ്ച് അലർട്ട് പുറപ്പെടുവിച്ചു. ഇന്നു പുലർച്ചെ 5.30ന് ഡൽഹിയിൽ 10.2 ഡിഗ്രി സെൽഷ്യസ് ആണു താപനില, വെള്ളിയാഴ്ച 9.6 ഡിഗ്രി സെൽഷ്യസായിരുന്നു.

## ജമ്മു കാഷ്മീരിൽ സൈനിക വാഹനം കൊക്കയിലേക്ക് മറിഞ്ഞു: മരണം നാലായി

ശ്രീനഗർ: ജമ്മു കാഷ്മീരിൽ സൈനിക വാഹനം കൊക്കയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ 4 സൈനികർക്ക് വീരമൃത്യു. ബന്ദിപൊര ജില്ലയിലെ എസ്കെ പയൻ പ്രദേശത്താണ് അപകടമുണ്ടായത്.

സൈനികരുമായി പോയ ട്രക്കാണ് അപകടത്തിൽപ്പെട്ടത്. എസ്കെ പയൻ പ്രദേശത്ത് വച്ച് ട്രക്ക് നിയന്ത്രണം വിട്ട് കൊക്കയിലേക്ക് മറിയുകയായിരുന്നു.

മോശം കാലാസ്ഥയെ തുടർന്ന് കാഴ്ച തടസപ്പെട്ടതിനെതുടർന്നാണ് അപകടം നടന്നതെന്നാണ് സൈനിക വൃത്തങ്ങൾ അറിയിച്ചത്. പരിക്കേറ്റ സൈനികർ ആശുപത്രിയിൽ ചികിത്സയിലാണെന്നും അറിയിച്ചു. ഇന്ന് ഉച്ചയ്ക്ക് രണ്ടരയോടെയാണ് അപകടം നടന്നത്.

പഴയകാല വീര്യം ചോർന്നു; സിപിഎം കോട്ടയം ജില്ലാ സമ്മേളനത്തിൽ ഡിവൈഎഫ്ഐക്കും എസ്എഫ്ഐക്കും വിമർശനം

## കേജരിവാൾ ഡൽഹിയിലെ ജനങ്ങളോട് കണക്ക് പറയേണ്ടി വരും: അമിത് ഷാ

ന്യൂഡൽഹി: ഡൽഹി മുൻ മുഖ്യമന്ത്രിയും ആംആദ്മി പാർട്ടി അധ്യക്ഷനുമായ അരവിന്ദ് കേജരിവാളിനെതിനെ രൂക്ഷവിമർശനവുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. രാഷ്ട്രീയത്തിലേക്ക് വരുമ്പോൾ സർക്കാർ വാഹനമോ, ബംഗ്ലാവോ എടുക്കില്ലെന്ന് പറഞ്ഞിരുന്ന കേജരിവാൾ ഡൽഹിക്കാരുടെ പണം ഉപയോഗിച്ച് അദ്ദേഹം ഒരു ചില്ലുകൊട്ടാരം നിർമിച്ചുവെന്ന പറഞ്ഞ അമിത് ഷാ ഡൽഹിയിലെ ജനങ്ങളോട് കേജരിവാൾ കണക്ക് പറയേണ്ടി വരുമെന്നും പറഞ്ഞു.പ്രധാനമന്ത്രി നരേന്ദ്രമോദി ഉയർത്തിയ ആരോപണങ്ങൾ ഏറ്റുപിടിച്ചുകൊണ്ടാണ് അമിത്ഷായും കേജരിവാളിനെതിരെ രംഗത്തെത്തിയത്. ഡൽഹിയിൽ ചേരി നിവാസികൾക്കുള്ള ഭവന പദ്ധതി ഉദ്ഘാടനം ചെയ്യവേയാണ് നരേന്ദ്രമോദി കെജ്രിവാളിനെതിരെ രൂക്ഷ വിമർശനം നടത്തിയത്. അണ്ണാഹസാരെയെ മുഖമാക്കിയാണ് ആം ആദ്മി അധികാരത്തിൽ വന്നതെന്നും ഡൽഹിയിലെ ജനങ്ങൾക്ക് മുന്നിൽ ഈ പാർട്ടി വലിയ ദുരന്തമായെന്നും മോദി കുറ്റപ്പെടുത്തി.കേജരിവാൾ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതി പണിയാൻ കോടികളാണ് ചെലവഴിച്ചതെന്നും മോദി ആരോപിച്ചു. ഡൽഹിയിലെ ജനങ്ങൾക്ക് 30,000ത്തിലധികം വീടുകൾ പിഎം ആവാസ് യോജനയുടെ കീഴിൽ പണിതുനൽകി. ആംആദ്മി ഡൽഹിയിലെ വിദ്യാഭ്യാസരംഗത്തെ മോശമാക്കിയെന്നും പ്രധാനമന്ത്രി പറഞ്ഞിരുന്നു.

## അണ്ണാ സർവകലാശാലയിലെ പീഡനത്തിൽ പ്രതിഷേധം; ഖുശ്ബു സുന്ദർ അറസ്റ്റിൽ

ചെന്നൈ: അണ്ണാ സർവകലാശാലയിൽ വിദ്യാർഥിനി പീഡനത്തിനിരയായ സംഭവത്തിൽ പ്രതിഷേധിച്ചതിന് പിന്നാലെ ബിജെപി നേതാവും നടിയുമായ ഖുശ്ബു സുന്ദർ അറസ്റ്റിൽ. നിരവധി നേതാക്കളെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.പോലീസിന്റെ അനുമതി ഇല്ലാതെയായിരുന്നു പ്രതിഷേധമെന്ന് ചൂണ്ടികാട്ടിയാണ് നടപടി. അതേസമയം കേസിൽ കോട്ടൂർ സ്വദേശി ജ്ഞാനശേഖരൻ (37) പിടിയിലായിരുന്നു.വഴിയോരത്ത് ബിരിയാണി വിൽക്കുന്ന ആളാണ് പിടിയിലായ ജ്ഞാനശേഖരൻ. പ്രതി കുറ്റം സമ്മതിച്ചതായും പോലീസ് അറിയിച്ചു.

അണ്ണാ സർവകലാശാല കാമ്പസിലെ ലാബിന് സമീപം രണ്ടാം വർഷ മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർഥിനിയായ കന്യാകുമാരി സ്വദേശിയാണ് ക്രൂരതയ്ക്കിരയായത്.രാത്രി ക്രിസ്മസ് ആഘോഷത്തോടനുബന്ധിച്ച് പെൺകുട്ടി സുഹൃത്തായ നാലാം വർഷ വിദ്യാർഥിക്കൊപ്പം പള്ളിയിൽ പോയിരുന്നു. ഇതിന് ശേഷം തിരിച്ചെത്തിയപ്പോഴാണ് സംഭവം. കാമ്പസിനുള്ളിൽ ആളൊഴിഞ്ഞ സ്ഥലത്ത് ഒരുമിച്ചിരിക്കുകയായിരുന്ന ഇരുവരെയും പ്രതികൾ ആക്രമിക്കുകയായിരുന്നു. സുഹൃത്തിനെ രണ്ടു പേർ ചേർന്ന് മർദിച്ച് അവശനാക്കിയതിന് ശേഷം പെൺകുട്ടിയെ കുറ്റിക്കാട്ടിൽ വലിച്ചിഴച്ചുകൊണ്ടുപോയി പീഡിപ്പിക്കുകയായിരുന്നു.

## 'ഒരിടത്തും പോകുന്നില്ല, ഒരു മത്സരത്തിൽ നിന്ന് മാറിനിന്നു; വിരമിക്കൽ തീരുമാനിക്കേണ്ടത് ഞാൻ

സിഡ്നി: ഓസ്ട്രേലിയൻ പരമ്പരയിലെ അവസാന ടെസ്റ്റിൽ മാറിനില്ക്കുന്നതിനു പിന്നാലെ തന്റെ വിരമിക്കലുമായി ബന്ധപ്പെട്ട അഭ്യൂഹങ്ങൾക്ക് മറുപടിയുമായി ഇന്ത്യൻ നായകൻ രോഹിത് ശർമ. നിലവിൽ താൻ വിരമിച്ചിട്ടില്ലെന്നും ഈ ടെസ്റ്റ് മത്സരത്തിൽ നിന്നും മാത്രമാണ് മാറിനിൽക്കുന്നതെന്നും താരം സിഡ്നിയിൽ പറഞ്ഞു.

നിലവിൽ മോശം ഫോമിൽ തുടരുന്നതിനാൽ മാത്രമാണ് താൻ അഞ്ചാം ടെസ്റ്റിൽ നിന്ന് മാറിനില്ക്കുന്നത് എന്ന് രോഹിത് ശർമ പറഞ്ഞു. ഇപ്പോൾ വേണ്ട രീതിയിൽ റൺസ് സ്വന്തമാക്കാൻ തനിക്ക് സാധിക്കുന്നില്ല. എന്നാൽ അഞ്ചു മാസങ്ങൾക്ക് ശേഷം ഇത്തരത്തിൽ ആയിരിക്കില്ല താൻ കളിക്കുന്നത്. താൻ കഠിന പ്രയത്നങ്ങളിൽ ഏർപ്പെടുകയാണ്. ലാപ്ടോപ്പും പേനയും പേപ്പറുമായി പുറത്തിരിക്കുന്ന ആളുകളല്ല തന്റെ വിരമിക്കൽ പ്രഖ്യാപിക്കുന്നത്. ആ തീരുമാനം താൻ കൈക്കൊള്ളേണ്ടതാണെന്നും രോഹിത് ശർമ കൂട്ടിച്ചേർത്തു.

അഞ്ചാം ടെസ്റ്റ് മത്സരത്തിൽ കളിക്കുന്നില്ലെങ്കിലും ഇന്ത്യൻ ടീമിനൊപ്പം ഡ്രസിംഗ് റൂമിൽ സമയം ചിലവഴിക്കാൻ രോഹിത് ശർമ തീരുമാനിച്ചിരുന്നു. തുടർന്ന് രണ്ടാം ദിനം ഉച്ചഭക്ഷണത്തിന്റെ ഇടവേളയിൽ സ്റ്റാർ സ്പോർട്സിൽ അവതാരകരായ ഇർഫാൻ പഠാൻ, ജാട്ടിൻ സാപ്രു എന്നിവരുമായി സംസാരിക്കുമ്പോഴാണ് രോഹിത് ഇക്കാര്യം അറിയിച്ചത്.

'സിഡ്നി ടെസ്റ്റിൽ നിന്ന് വിട്ടുനിൽക്കാനുള്ള തീരുമാനത്തെക്കുറിച്ച് കോച്ചുമായും സെലക്ടർമാരുമായും ചർച്ച നടത്തിയിരുന്നു. ഞാൻ ഫോമിലല്ല, ഇതൊരു പ്രധാന മത്സരമാണ്, ഞങ്ങൾക്ക് ഫോമിലുള്ള ഒരു കളിക്കാരനെ വേണം. ടീമിനാണ് എപ്പോഴും മുൻഗണന നൽകേണ്ടത്. അത്രയാണ് ഞാനും ചെയ്തത്. ' രോഹിത് പറഞ്ഞു.

രോഹിതിന്റെ അഭാവത്തിൽ ജസ്പ്രീത് ബുംറയാണ് സിഡ്നിയിൽ ഇന്ത്യയെ നയിക്കുന്നത്.

പെർത്തിൽ, ആദ്യ ടെസ്റ്റിലും ബുംറയായിരുന്നു ഇന്ത്യയുടെ നായകൻ. രണ്ടാം ടെസ്റ്റ് മുതലാണ് രോഹിത് ടീമിനൊപ്പം ചേരുന്നത്. എന്നാൽ അഞ്ച് ഇന്നിംഗ്സുകളിൽ പത്ത് റൺസിനപ്പുറമുള്ള ഒരു സ്കോർ നേടാൻ രോഹിത്തിന് സാധിച്ചില്ല.

## കുട്ടികളുടെ ലഹരി ഉപയോഗത്തെ നിസാരവത്ക്കരിച്ച സജി ചെറിയാൻ പൊതു സമൂഹത്തോട് മാപ്പ് പറയണം: കേരള മദ്യവിരുദ്ധ ഏകോപന സമിതി

തിരുവനന്തപുരം: കുട്ടികളുടെ ലഹരി ഉപയോഗത്തെ നിസാരവത്ക്കരിച്ച മന്ത്രി സജി ചെറിയാൻ

പ്രസ്താവന പിൻവലിച്ച് പൊതു സമൂഹത്തോട് പരസ്യമായി മാപ്പ് പറയണമെന്ന് കേരള മദ്യവിരുദ്ധ ഏകോപന സമിതി.കുട്ടികളായാൽ പുകവലിക്കും എന്നും ഞാനും പുകവലിക്കാറുണ്ടെന്നുമുള്ള മന്ത്രി സജി ചെറിയാന്റെ പ്രസ്താവന ലഹരി ഉപയോഗത്തെ നിസാരവത്കരിക്കുന്നതാണെന്നും കഞ്ചാവ് വലിക്കുന്നതിനെയാണ് മന്ത്രി പുകവലിയായി കാണുന്നതെന്നും മദ്യവിരുദ്ധ ഏകോപന സമിതി പറഞ്ഞു.ലഹരിക്കെതിരെ കോടികൾ ചിലവഴിച്ച് ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന സർക്കാരിന്റെ പ്രതിനിധി തന്നെ ഇപ്രകാരം പറയുന്നത് നിരുത്തരവാദിത്വമാണെന്നും ഏകോപന സമിതി കുറ്റപ്പെടുത്തി.'കേരളം 2025ലേക്ക് ചുവട് വെച്ചത് തന്നെ മദ്യത്തിൽ ആറാടിയാണ്.യുവതലമുറ ലഹരി ഉപയോഗിച്ച് കൊലപാതകം വരെ നടത്തുന്നു. സംസ്ഥാനത്തെ 1057 വിദ്യാലയങ്ങൾ ലഹരി മാഫിയയുടെ പിടിയിലാണെന്നും ലഹരി സൂക്ഷിക്കാൻ പ്രത്യേക സ്ഥലങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടെന്നും പോലീസ് ഇൻറലിജൻസ് റിപ്പോർട്ട് ഉണ്ട്.'മദ്യവിരുദ്ധ ഏകോപന സമിതി പ്രതികരിച്ചു.ലഹരിയുടെ ഉപയോഗം യുവതലമുറയെ പാഴ്ജന്മങ്ങളാക്കി മാറ്റുമ്പോൾ ഉത്തരവാദിത്വപ്പെട്ടവർ അബദ്ധജഡിലമായ പ്രസ്താവനകൾ നടത്തി ലഹരി ഉപയോഗത്തെ പ്രോത്സാഹിപ്പിക്കരുതെന്ന് കേരള മദ്യവിരുദ്ധ ഏകോപനസമിതി സംസ്ഥാന നേതൃയോഗം ചൂണ്ടിക്കാട്ടി.ഇത്തരം പ്രസ്താവന നടത്തിയ മന്ത്രിയെ മന്ത്രിസഭയിൽ നിന്ന് പുറത്താക്കാൻ മുഖ്യമന്ത്രി ആർജ്ജവം കാണിക്കുകയും സർക്കാർ നിലപാട് വ്യക്തമാക്കുകയും വേണം. കലൂരിൽ ചേർന്ന നേതൃയോഗം സംസ്ഥാന ചെയർമാൻ ജസ്റ്റീസ് പി.കെ.ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്തു.

## കേരള രാജ്യാന്തര ഊർജ മേള ഓൺലൈൻ മെഗാ ക്വിസ്

### ഒന്നാം സമ്മാനം ഒരു ലക്ഷം രൂപ

എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 7,8,9 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന രാജ്യാന്തര ഊർജ മേളയോടനുബന്ധിച്ച് മെഗാക്വിസ് മത്സരം സംഘടിപ്പിക്കും. എല്ലാ പ്രായത്തിലും ഉള്ളവർക്ക് മത്സരിക്കാൻ സാധിക്കുന്ന മെഗാക്വിസിന്റെ പ്രചരണാർത്ഥം സ്കൂൾ കലോത്സവ നഗരിയിൽ സ്റ്റാൾ തയ്യാറായി. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി സ്റ്റാൾ ഉദ്ഘാടനം ചെയ്തു. സ്റ്റാളിൽ ക്യു ആർ കോഡ് സ്കാൻ ചെയ്ത് മത്സരാർത്ഥികൾക്ക് രജിസ്ട്രേഷൻ പൂർത്തീകരിക്കാം.ആദ്യഘട്ട മത്സരം ഓൺലൈനായി ഫെബ്രുവരി 2 വൈകീട്ട് 3 മണിക്ക് നടക്കും. ആദ്യഘട്ട മത്സര വിജയികൾ ഫെബ്രുവരി 9 ന് ഐ ഇ എഫ് കെ വേദിയിൽ വെച്ച് നടക്കുന്ന ഗ്രാന്റ് ഫിനാലെയിലേക്ക് യോഗ്യത നേടും. പ്രശസ്തിപത്രം, ഫലകം എന്നിവയോടൊപ്പം ഒന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും രണ്ടാം സമ്മാനമായി 50,000 രൂപയും മൂന്നാം സമ്മാനമായി 25,000 രൂപയും വിജയികൾക്ക് ലഭിക്കും. രജിസ്ട്രേഷനുള്ള അവസാന തീയതി ജനുവരി 26 ആണ്. കൂടുതൽ വിവരങ്ങൾക്ക് : ഫോൺ: 04712594922,

## സ്കോളർഷിപ്പ് അപേക്ഷ

സംസ്ഥാനത്തെ സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒബിസി വിഭാഗം വിദ്യാർഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. മാർഗനിർദേശങ്ങൾ ംംം.ലഴൃമി്വ.സലൃമഹമ.ഴീ്.ശി, ംംം.യരററ.സലൃമഹമ.ഴീ്.ശി വെബ്സൈറ്റുകളിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ ബന്ധപ്പെടണം. അപേക്ഷകൾ ജനുവരി 20 വരെ സ്വീകരിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# തലസ്ഥാന നഗരിയിൽ ഇനി കലയുടെ ഉത്സവം; സംസ്ഥാന സ്കൂൾ കലോത്സവത്തിന് തിരിതെളിഞ്ഞു

## 63ാമത് സംസ്ഥാന സ്കൂൾ കലോത്സവം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു



കലാപ്രകടനം എന്നതിലുപരി അതിജീവനത്തിന്റെ കൂടി നേർക്കാഴ്ചയാവുകയാണ് ഇത്തവണത്തെ സംസ്ഥാന സ്കൂൾ കലോത്സവമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ 63ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. മുണ്ടക്കൈചൂരൽമല ദുരന്തം അതിജീവിച്ച വെള്ളാർമല ജിഎച്ച്എസിലെ വിദ്യാർത്ഥികൾ ഉദ്ഘാടന വേദിയിൽ സംഘനൃത്തം അവതരിപ്പിക്കാനെത്തിയത് അതീവ സന്തോഷകരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഒരു ദേശത്തിലെ മുഴുവൻ കൗമാര പ്രതീക്ഷകളും വർഷത്തിലൊരിക്കൽ ഒരിടത്ത് ഒത്തുകൂടി മികവു പ്രകടിപ്പിക്കുന്ന രീതി ലോകത്ത് മറ്റെവിടെയെങ്കിലുമുണ്ടോ എന്ന കാര്യം സംശയമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഒരു തലമുറയുടെ മുഴുവൻ സർഗവൈഭവവും ആശകളും പ്രതീക്ഷകളും ആശയലോകവും ആദർശലോകവുമാണ് ഇവിടങ്ങളിൽ മാറ്റുരയ്ക്കപ്പെടുന്നത് എന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ ചരിത്രത്തിൽ ആദ്യമായി തദ്ദേശീയ ജനതയുടെ അഞ്ച് നൃത്തരൂപങ്ങൾ കൂടി മത്സരയിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാക്തന കലകളുടെയും ക്ലാസിക് കലകളുടെയും സംഗമവേദിയാവുകയാണ് ഈ കലോത്സവമെന്നും മുഖ്യമന്ത്രി പറഞ്ഞു.

എം ടി വാസുദേവാൻ നായരുടെ കലാസൃഷ്ടികൾക്ക് വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ ഉണ്ടാകുന്ന വേദിയാണ് സ്കൂൾ കലോത്സവമെന്ന് അനുസ്മരിച്ച മുഖ്യമന്ത്രി അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ പ്രണാമം അർപ്പിച്ചു. കലോത്സവ വേദികളിൽ മാറ്റുരച്ച നിരവധി പ്രതിഭകൾ കേരളത്തിന്റെ സാമൂഹികസാംസ്കാരിക മണ്ഡലങ്ങളിൽ പിന്നീട് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ആ ബൃഹത്പാരമ്പര്യം ഉൾക്കൊണ്ടുവേണം ഈ കലോത്സവങ്ങളിൽ പങ്കെടുക്കാനെന്ന് മുഖ്യമന്ത്രി മത്സരാർഥികളെ ഓർമിപ്പിച്ചു. നമ്മുടെ നാടിന്റെ സാംസ്കാരിക ഉന്നമനത്തിനായി നാളെ ഈ സമൂഹത്തെ നയിക്കേണ്ടവരാണ് എന്ന ബോധ്യത്തോടെ വേണം കുട്ടികൾ മേളയിൽ പങ്കെടുക്കാൻ. ഈ കലോത്സവത്തിലെ പങ്കാളിത്തമാണ് വിജയത്തേക്കാൾ വലിയ നേട്ടമെന്ന തിരിച്ചറിവുണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.മനുഷ്യർ പൊതുവെ ഉത്സവപ്രിയരാണ്. ജീവിതദുരന്തങ്ങളെ അഭിമുഖീകരിക്കുമ്പോൾ പോലും ജീവിതം ഒരു ഉത്സവമാക്കുന്നതിനെ കുറിച്ചുള്ള സ്വപ്നങ്ങൾ മനസ്സിൽ സൂക്ഷിക്കുന്നവരാണ്. അത്തരം സ്വപ്നങ്ങളാണ് വലിയ ജനകീയ വിപ്ലവങ്ങൾക്കും സാമൂഹ്യവ്യവസ്ഥാ മാറ്റങ്ങൾക്കും വഴിവെച്ചിട്ടുള്ളത്. ഉത്സവങ്ങൾ കൗമാരക്കാരുടേയും യുവജനങ്ങളുടേതുമാകുമ്പോൾ അതിന് കൂടുതൽ ഓജസ്സും ഊർജ്ജസ്വലതയും കൈവരുന്നു.

പഠനപ്രക്രിയയ്ക്കു പുറത്തുള്ള സംഗതിയാണ് കലാസാഹിത്യരംഗത്തെ പ്രവർത്തനങ്ങളെന്ന കാഴ്ചപ്പാടിന് ഇന്ന് മാറ്റം വന്നിട്ടുണ്ട്. കേവലം വൈജ്ഞാനിക വികാസം മാത്രമല്ല, മറിച്ച് കുട്ടിയുടെ കലാപരവും കായികവുമായ കഴിവുകളുടെയും വ്യക്തിത്വത്തിന്റെ തന്നെയും സർവ്വതല സ്പർശിയായ വികാസമാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ വിദ്യാഭ്യാസ പ്രക്രിയയുടെ അവിഭാജ്യമായ ഘടകമാണ് കലാസാഹിത്യ പ്രവർത്തനങ്ങളും അതിന്റെ മൂർത്തീഭാവമായ ഇത്തരം മേളകളും.ഫ്യൂഡൽ വ്യവസ്ഥയ്ക്കെതിരെ ആഞ്ഞടിച്ച തോപ്പിൽ ഭാസിയുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകത്തിനെതിരെ എത്രയോ ആക്രമണങ്ങൾ നടന്നു. അതിൽ മനസ്സുമടുത്ത് കലാപ്രവർത്തനം നിർത്തിയില്ല ആ കലാകാരന്മാർ. പ്രതികൂല സാഹചര്യങ്ങളെ മനസ്സു തളരാതെ അതിജീവിക്കാൻ വേണ്ട മനോബലം കൂടി കലാരംഗത്തേക്കു കടക്കുന്നവർ ആർജിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സ്കൂൾ വിദ്യാഭ്യാസ കാലം കഴിയുന്നതോടെ കലാപ്രവർത്തനം അവസാനിപ്പിക്കുന്ന ഒരു വലിയ വിഭാഗമുണ്ട്. നമ്മുടെ പല പഴയ കലാപ്രതിഭകളുടെയും കലാതിലകങ്ങളുടെയും പിന്നീടുള്ള ജീവിതം പരിശോധിച്ചാൽ ഇത് വ്യക്തമാകും. ഈ വിഷയം ഗൗരവമായി കലാകേരളം ചർച്ച ചെയ്യണം. അവരെ കണ്ടെത്തി കലാകേരളത്തിനു മുതൽക്കൂട്ടാക്കാനുള്ള ശ്രമങ്ങൾ കൂട്ടായി നടത്തേണ്ടതുണ്ട്. സർക്കാർ അക്കാര്യത്തിൽ ശ്രദ്ധ വെക്കും എന്നു മുഖ്യമന്ത്രി അറിയിച്ചു.കിടമത്സരങ്ങളുടെയും തർക്കങ്ങളുടെയും വേദിയായി കലോത്സവത്തെ മാറ്റാതെ കലാപരമായ കഴിവുകളുടെ പ്രകാശനത്തിനു കൈവരുന്ന അവസരമായി ഇതിനെ കാണാൻ എല്ലാവരും ശ്രമിക്കണം എന്ന് മുഖ്യമന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷനായ ചടങ്ങിൽ മന്ത്രിമാരായ ജി.ആർ. അനിൽ, കെ. രാജൻ, എ.കെ.ശശീന്ദ്രൻ, വീണാ ജോർജ്, മേയർ ആര്യാ രാജേന്ദ്രൻ, ജോൺ ബ്രിട്ടാസ് എം.പി, എം.എൽ.എമാരായ കടകംപള്ളി സുരേന്ദ്രൻ, വി.ജോയ്, ആന്റണി രാജു, വി.കെ.പ്രശാന്ത്, ഐ.ബി.സതീഷ്, എം.വിൻസെന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്.ഷാനവാസ്, ജില്ലാ കളക്ടർ അനുകുമാരി തുടങ്ങിയവർ പങ്കെടുത്തു.

## കേരള സ്കൂൾ കലോത്സവം പ്രത്യേക പത്രക്കുറിപ്പ്

കലോത്സവ വേദികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്: മന്ത്രി വീണാ ജോർജ് .കലോത്സവ വേദികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രധാന വേദികളിൽ ഡോക്ടർമാർ ഉൾപ്പെട്ട മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാകും. കൂടാതെ 25 വേദികളിലും ഫസ്റ്റ് എയ്ഡ് ടീം പ്രവർത്തിക്കുന്നുണ്ട്. അനാവശ്യമായ പ്രചരണം നടത്തരുത്. സ്കൂൾ കലോത്സവം വളരെ മികച്ച രീതിയിൽ തന്നെ നടക്കും. ആരോഗ്യ വകുപ്പിന് വിപുലമായ സംവിധാനങ്ങളുണ്ട്. അതിനാൽ ആശങ്കപ്പെടേണ്ട കാര്യമില്ല. കലോത്സവങ്ങളിൽ പങ്കെടുക്കുന്നത് നമ്മുടെ കുഞ്ഞുങ്ങളാണ്. ജില്ലാ മെഡിക്കൽ ഓഫീസറുടെ ഏകോപനത്തിൽ എല്ലാ വേദികളിലും നല്ല നിലയിൽ തന്നെ മെഡിക്കൽ ടീം പ്രവർത്തിച്ചു വരുന്നു. ആവശ്യമെങ്കിൽ കൂടുതൽ ടീമിനെ നിയോഗിക്കുമെന്നും മന്ത്രി പറഞ്ഞു.ജില്ലാ മെഡിക്കൽ ഓഫീസിൽ ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂം സജ്ജമാണ്. അടിയന്തര ഘട്ടത്തിൽ 9072055900 എന്ന നമ്പരിൽ കൺട്രോൾ റൂമുമായി ബന്ധപ്പെടാവുന്നതാണ്. തിരുവനന്തപുരം ജനറൽ ആശുപത്രി, ഫോർട്ട് ആശുപത്രി, പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രി എന്നിവിടങ്ങളിൽ 10 കിടക്കകൾ വീതം പ്രത്യേകമായി സജ്ജമാക്കിയിട്ടുണ്ട്. ഇതുകൂടാതെ മെഡിക്കൽ കോളേജിലും ആവശ്യമായ ക്രമീകരണങ്ങളൊരുക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കൂടാതെ ആയുഷ് വകുപ്പിന്റേയും മെഡിക്കൽ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്.സംസ്ഥാന സ്കൂൾ കലോത്സവ വേദിയായ ഗവ. വിമൻസ് കോളേജിൽ പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പിന്റേയും ആയുഷ് വകുപ്പിന്റേയും മെഡിക്കൽ ടീമിനെ മന്ത്രി സന്ദർശിച്ചു.

## കലോത്സവം കേരളത്തിന്റെ അതിജീവനത്തിന്റെ ആഘോഷവേദി: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ കലോത്സവത്തിന് തലസ്ഥാന നഗരിയിൽ തിരിതെളിഞ്ഞു. മുഖ്യമന്ത്രി പിണറായി വിജയനാണ് തിരിതെളിച്ച് ഉദ്ഘാടനം നിർവഹിച്ചത്. വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി അധ്യക്ഷത വഹിച്ചു.

ഇത്തവണത്തെ കലോത്സവം അതിജീവനത്തിന്റെ നേർസാക്ഷ്യമെന്ന് മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കലോത്സവങ്ങൾ സംഘടിപ്പിക്കപ്പെടുന്നത് മനുഷ്യനും മനുഷ്യനും തമ്മിലുള്ള പരസ്പര സ്നേഹവും സാഹോദര്യവും സഹവർത്തിത്വവും ഐക്യവും എല്ലാം ഊട്ടിയുറപ്പിക്കാൻ വേണ്ടിയാണ്. കലാപ്രകടനങ്ങൾക്കുള്ള വേദിയായിരിക്കുമ്പോൾ തന്നെ അത്തരം കാഴ്ചപ്പാടുകൾക്കു കൂടി ഇവിടെ പ്രാധാന്യം കൈവരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മന്ത്രിമാരായ ജി.ആർ. അനിൽ, കെ.രാജൻ, എ.കെ.ശശീന്ദ്രൻ, വീണാ ജോർജ്, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, മേയർ ആര്യ രാജേന്ദ്രൻ, കലക്ടർ അനുകുമാരി, എംഎൽഎമാർ, എംപിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

പ്രധാന വേദിയായ സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്.ഷാനവാസ് പതാക ഉയർത്തി. ചടങ്ങിൽ കലോത്സവ സ്വാഗതഗാനത്തിന്റെ നൃത്താവിഷ്കാരവും അരങ്ങേറി. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ അതിജീവിച്ച വെള്ളാർമല ജിഎച്ച്സിലെ വിദ്യാർഥികൾ ഉദ്ഘാടന വേദിയിൽ സംഘനൃത്തം അവതരിപ്പിച്ചു.

രാവിലെ 11ന് കലാമത്സരങ്ങൾക്കു തുടക്കമാകും. 25 വേദികളിലായി നടക്കുന്ന 249 മത്സരങ്ങളിൽ പതിനയ്യായിരത്തിലേറെ വിദ്യാർഥികൾ മാറ്റുരയ്ക്കും.

## ആറളം ഫാമിംഗ് കോർപ്പറേഷൻ തൊഴിലാളികളുടെ ശമ്പള കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടിയെടുക്കും: മുഖ്യമന്ത്രി

ആറളം ഫാമിംഗ് കോർപ്പറേഷൻ തൊഴിലാളികളുടെ കുടിശ്ശികയായുള്ള ശമ്പളവും ആനുകൂല്യങ്ങളും തീർപ്പാക്കുന്നതിന് നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിലാണ് തീരുമാനം. 2023 ഏപ്രിൽ ജൂൺ, 2024 ഫെബ്രുവരി, മാർച്ച്, നവംബർ മാസങ്ങളിലെ ശമ്പളം/കൂലി കുടിശ്ശികയാണ് തീർപ്പാക്കാനുള്ളത്. പിരിഞ്ഞുപോയ 36 തൊഴിലാളികൾക്ക് ശമ്പള കുടിശ്ശിക, ഗ്രാറ്റുവിറ്റി, ഇപിഎഫ്, ഡിഎ കുടിശ്ശിക മുതലായവയും നൽകാനുണ്ട്. വിളകളുടെ വൈവിധ്യവൽക്കരണം, പുനഃകൃഷി, ഫാം ടൂറിസം മുതലായ പദ്ധതികളിലൂടെ വരുമാനദായക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം. വിദഗ്ധരുമായി കൂടിയാലോചിച്ച് അനുയോജ്യമായ വരുമാനദായക പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കി പ്രവർത്തന രൂപരേഖ വികസിപ്പിക്കണം. ആന പ്രതിരോധ മതിൽ നിർമ്മാണത്തിലെ മെല്ലെപ്പോക്ക് അനുവദിക്കാനാകില്ലെന്ന് കരാറുകാരെ ബോധ്യപ്പെടുത്തി നടപടികൾ സ്വീകരിക്കണം. ആനമതിലിൻറെ മാറിയ അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം സുഗമമാക്കുന്നതിന് മാറ്റേണ്ട മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകണം. മതിൽ നിർമ്മാണ പുരോഗതി പൊതുമാരമത്ത് മന്ത്രി വിലയിരുത്തണം.

ആറളം ഫാം എം ആർ എസ് 202526 അക്കാദമിക വർഷം മുതൽ പൂർണതോതിൽ പ്രവർത്തിപ്പിക്കണം. 2025 ജൂണിൽ ക്ലാസുകൾ ആരംഭിക്കാൻ കഴിയും വിധം മുന്നൊരുക്ക പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം. ഭൂമിക്ക് വേണ്ടി ലഭിച്ച 1330 അപേക്ഷകളിൽ 303 പേരെ യോഗ്യരായി കണ്ടെത്തിയിട്ടുണ്ട് ഇവർക്ക് സമയബന്ധിതമായി ഭൂമി ലഭ്യമാക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.മന്ത്രി ഒ ആർ കേളു, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ, ധന വിനിയോഗ സ്പെഷൽ സെക്രട്ടറി കേശവേന്ദ്ര കുമാർ, പട്ടിക വർഗ ഡയറക്ടർ രേണു രാജ്, കണ്ണൂർ ജില്ലാ കളക്ടർ അരുൺ കെ വിജയൻ, ആറളം ഫാം എം ഡി കാർത്തിക് പാണിഗ്രഹി തുടങ്ങിയവർ സംസാരിച്ചു.

## സ്കൂൾ കലോത്സവം; സർക്കാർ ഡോക്ടർമാർ നിസഹകരണ സമരത്തിൽ

തിരുവനന്തപുരം: സ്കൂൾ കലോത്സവത്തിൽ സഹകരിക്കില്ലെന്ന് സർക്കാർ ഡോക്ടർമാർ. കലോത്സവവേദിയിൽ സഹകരിക്കില്ലെന്ന് കാട്ടി ഡോക്ടർമാർ ഡിഎംഒയ്ക്ക് കത്ത് നൽകി.25 വേദികളിലും സേവനം ഉണ്ടാകില്ലെന്ന് കത്തിൽ പറയുന്നു. ആര്യനാട് ആശുപത്രിയിലെ ഡോക്ടർക്കെതിരായ നടപടിയിലാണ് പ്രതിഷേധം.

സ്വകാര്യ പ്രാക്ടീസ് റിപ്പോർട്ട് ചെയ്യപ്പെട്ടതിന് പിന്നാലെയാണ് ആര്യനാട് സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ ഡോക്ടറെ ആരോഗ്യവകുപ്പ് സസ്പെൻഡ് ചെയ്തത്. പിന്നാലെ സസ്പെൻഷൻപിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ ഒക്ടോബർ 23 മുതൽ കെജിഎംഒഎ തിരുവനന്തപുരം ഘടകം നിസഹകരണ സമരത്തിലാണ്. എന്നാൽ കലോത്സവ വേദികളിൽ വൈദ്യസഹായം ലഭ്യമാക്കാൻ ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടെന്നാണ് ആരോഗ്യ വകുപ്പിന്റെ വാദം.

## അമിത് ഷായ്ക്ക് അംബേദ്കറോട് പുച്ഛം; കോൺഗ്രസ് തുടങ്ങിവച്ച നയങ്ങളുടെ മൂർദ്ധന്യാവസ്ഥയാണ് കേന്ദ്രം നടപ്പാക്കുന്നത്: മുഖ്യമന്ത്രി

മലപ്പുറം: അമിത് ഷായ്ക്ക് ഡോ. ബി.ആർ. അംബേദ്കറോട് പുച്ഛമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഭൂരിപക്ഷ വർഗീയതക്ക് ന്യൂനപക്ഷ വർഗീയത മരുന്നല്ലെന്നും രണ്ടും പരസ്പര പൂരകമെന്നും മുഖ്യമന്ത്രി പറഞ്ഞു.സംഘപരിവാർ അക്രമങ്ങളിൽ മുസ്ലീം വിഭാഗങ്ങളാണ് ഏറ്റവുമധികം ഇരകളായത്. ക്രൈസ്തവരുടെ സ്ഥിതിയും വ്യത്യസ്തമല്ല. വിട്ടുവീഴ്ചയില്ലാതെ വർഗീയതയെ നേരിടുന്ന പാർട്ടിയാണ് കോൺഗ്രസ് എന്ന് അവർക്ക് പറയാനാവുമോ.

കോൺഗ്രസ് നേതാക്കളും അണികളും ബിജെപിക്ക് ഒപ്പം പോകുന്നു. ആ അനുഭവത്തിൽ നിന്നും കോൺഗ്രസ് പഠിക്കുന്നുണ്ടോ. വർഗീയതുടെ ആടയാഭരണങ്ങൾ അണിഞ്ഞ ഒരുപാട് കോൺഗ്രസ് നേതാക്കളുണ്ട്. സംഘപരിവാറിനൊപ്പം ചേർന്ന് പരസ്യ നിലപാട് എടുക്കുന്ന കോൺഗ്രസ് നേതാക്കളുമുണ്ടെന്നും അദ്ദേഹം പറഞ്ഞു.കോൺഗ്രസ് തുടങ്ങിവച്ച നയങ്ങളുടെ മൂർദ്ധന്യാവസ്ഥയാണ് ഇപ്പോൾ കേന്ദ്ര സർക്കാർ നടപ്പാക്കുന്നത്. ഉദാരവത്കരണം ഉൾപ്പടെ നയം കൊണ്ടുവന്നത് തെറ്റായെന്ന് കോൺഗ്രസിന് തോന്നുന്നുണ്ടോ. ബിജെപിക്കും കോൺഗ്രസിനും ഒരേ സാമ്പത്തിക നയമാണ്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ബിജെപി നയമാണ് നടപ്പാക്കുന്നത്. കേന്ദ്രസർക്കാരിന് എതിരായ ജനവികാരം തിരിച്ചു വിടാൻ വർഗീയ സംഘർഷം ഉണ്ടാക്കുന്നുവെന്നും പിണറായി വിജയൻ കുറ്റപ്പെടുത്തി.സംസ്ഥാനത്തെ സാമ്പത്തികമായി കേന്ദ്രം ഞെരുക്കിയപ്പോഴാണ് ചില മാസങ്ങളിൽ ക്ഷേമപെൻഷൻ നൽകാൻ കഴിയാതെ വന്നത്. വയനാട് ദുരന്തത്തിൽ കൃത്യ സമയത്ത് കേന്ദ്ര സഹായം ലഭിച്ചില്ല. മറ്റു സംസ്ഥാനങ്ങൾക്ക് കൃത്യ സമയത്ത് സഹായം ലഭിച്ചു. കേരളത്തോട് ഈ നിലപാട് സ്വീകരിക്കാൻ എന്താണ് കാരണം എന്ന് അദ്ദേഹം ചോദിച്ചു.ബിജെപി പ്രതിപക്ഷത്തുള്ള സംസ്ഥാനങ്ങളിൽ ഇത്തരം സമയത്ത് സർക്കാരിനോട് യോജിച്ചു നിലപാടെടുക്കുകയും സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേരളത്തിൽ ബിജെപിക്ക് എന്താണ് അങ്ങനെ ചെയ്യാൻ കഴിയാത്തത്. എന്തിനാണ് ഇവിടുത്തെ ജനങ്ങളോട് പക. വയനാട് വിഷയത്തിൽ യുഡിഎഫും അവരുടെ നയത്തിൽ മാറ്റം വരുത്തി. കേരളത്തിന് വേണ്ടി ഒന്നിച്ച് ശബ്ദം ഉയർത്താൻ അവർ തയാറായെന്നും അദ്ദേഹം പറഞ്ഞു.

## വരും വർഷങ്ങളിൽ ഫോറസ്റ്റ് അവാർഡുകൾ പൊലീസിതര സേനക്കൊപ്പം : മുഖ്യമന്ത്രി പിണറായി വിജയൻ

വരും വർഷങ്ങളിൽ സ്വാതന്ത്ര്യ ദിനത്തിൽ തന്നെ പോലീസ് എക്സൈസ് ഫയർഫോഴ്സ് സേനകൾക്കൊപ്പം ഫോറസ്റ്റ് മെഡലുകളും വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വനം ആസ്ഥാനത്ത് നടന്ന 2023 2024 വർഷത്തെ ഫോറസ്റ്റ് മെഡൽ വിതരണ ചടങ്ങിലായിരുന്നു മുഖ്യമന്ത്രിയുടെ പ്രഖ്യാപനം.വനസംരക്ഷണം അതീവ പ്രാധാന്യമർഹിക്കുമ്പോൾ തന്നെ മുൻപ് കാടായിരുന്നു എന്ന കാരണത്താൽ മനുഷ്യർ വസിക്കുന്ന ഇടങ്ങൾ അവർക്ക് അന്യമാകാൻ പാടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ കണക്കുകൾ കേരളത്തിലെ വന സംരക്ഷണം ഫലപ്രദമാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. വയനാട് ഉരുൾപൊട്ടലിൽപെട്ടുപോയ ആദിവാസി കുടുംബത്തെ നെഞ്ചോട് ചേർത്ത വനപാലകരുടെ ചിത്രം മനസ്സാക്ഷിയുള്ള ആർക്കും മറക്കാനാവില്ല. വളരെ പ്രതികൂലമായ കാലാവസ്ഥയും വന്യ മൃഗങ്ങളുടെ ഭീഷണിയും അതിജീവിച്ച് ജോലിയെടുക്കുന്ന വനപാലകർക്ക് സർക്കാർ നൽകുന്ന അംഗീകാരമാണ് മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ.ലോകത്ത് 160 കോടിയോളം മനുഷ്യർ കാടിനെ ആശ്രയിച്ച് ജീവിക്കുന്നുണ്ട് അതുകൊണ്ടുതന്നെ വനസംരക്ഷണം അതീവ പ്രാധാന്യം അർഹിക്കുന്നു. 18 ശതമാനം വരുന്ന സംരക്ഷിത വനങ്ങൾക്ക് ഉപരിയായി എല്ലാ വനങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.വനമന്ത്രി എ കെ ശശീന്ദ്രൻ അധ്യക്ഷത വഹിച്ചു. ജനങ്ങളുമായി ചേർന്നുള്ള പ്രവർത്തനങ്ങളാണ് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്നും ജനങ്ങളുടെ ജീവിതം ആയാസരഹിതമാക്കുന്നതിനാണ് വകുപ്പ് പ്രാധാന്യം നൽകുന്നതെന്നും മന്ത്രി പറഞ്ഞു.വനം വകുപ്പ് മേധാവി ഗംഗാസിങ്, അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ രാജേഷ് രവീന്ദ്രൻ, ഡോ. ചന്ദ്രശേഖർ, ഡോ. ജെ ജസ്റ്റിൻ മോഹൻ തുടങ്ങിയവർ സംസാരിച്ചു.

## കലൂർ സ്റ്റേഡിയത്തിലെ ഗിന്നസ് നൃത്ത പരിപാടി: മൃദംഗ വിഷന്റെ മറ്റ് ബാങ്ക് അക്കൗണ്ടുകൾ കേന്ദ്രീകരിച്ച് അന്വേഷണം

കൊച്ചി: കലൂർ സ്റ്റേഡിയത്തിൽ ഗിന്നസ് റിക്കാർഡ് ലക്ഷ്യമിട്ട നടത്തിയ നൃത്ത പരിപാടിക്കിടെ ഉമ തോമസ് എംഎൽഎ ഗാലറിയിൽനിന്ന് വീണ് പരിക്കേറ്റ സംഭവത്തിൽ അറസ്റ്റിലായ മൃദംഗ വിഷന്റെ മറ്റ് ബാങ്ക് അക്കൗണ്ടുകൾ കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം ആരംഭിച്ചു.മൃദംഗ വിഷന്റെ ഒരു ബാങ്ക് ഇന്നലെ പോലീസ് മരവിപ്പിക്കുകയുണ്ടായി. ഇതിൽ 38 ലക്ഷം രൂപയാണ് ഉണ്ടായിരുന്നത്. സംഘടനയുടെ മറ്റ് അക്കൗണ്ടുകളെ കുറിച്ച് വിവരം ലഭിച്ചിട്ടുണ്ടെന്നും ഇതു പരിശോധിച്ചു വരുകയാണെന്നും സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ പറഞ്ഞു.അതേസമയം, ഇന്നലെ അറസ്റ്റിലായ കേസിലെ ഒന്നാം പ്രതി മൃദംഗ വിഷൻ എംഡി എം. നിഗോഷ് കുമാറിനെ ഇന്ന് കോടതിയിൽ ഹാജരാക്കും. ഏഴു മണിക്കൂർ നീണ്ട ചോദ്യം ചെയ്യലിന് ഒടുവിലാണ് ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയത്. ഇയാളിൽനിന്ന് നിർണായകമായ പല വിവരങ്ങളും ലഭിച്ചതായും സൂചനയുണ്ട്.തുടർന്നാണ് വിശദമായ ചോദ്യം ചെയ്യലിന് ശേഷം അറസ്റ്റ് രേഖപ്പെടുത്തിയത്. ജാമ്യമില്ലാ വകുപ്പ് പ്രകാരമാണ് അറസ്റ്റ് ചെയ്തത്. പരിപാടിയുടെ വേദി അശാസ്ത്രീയമായി ഉണ്ടാക്കി അപകടം ഉണ്ടാക്കിയതിനാണ് നിലവിൽ അറസ്റ്റ് രേഖപ്പെടുത്തിയത്. സാമ്പത്തിക വഞ്ചനാ കുറ്റത്തിൽ ഉൾപ്പെടെ വിശദമായ പരിശോധനയ്ക്കുശേഷമായിരിക്കും കൂടുതൽ വകുപ്പുകൾ ചുമത്തുക.